# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നാറാണംമൂഴി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി6/1143/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 15/12/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നാറാണംമൂഴി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി6/1143/2023 തീയ്യതി: 15/12/2023

## പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-11-2023 മുതൽ 20-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സ്നിഗ്ദ്ധ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 13-11-2023 | 20-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-11-2023 | 20-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. അനിൽകുമാർ റ്റി., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

ശ്രീമതി സൂര്യപ്രഭ പി.സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ജയപ്രഭ പി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി സാജിതാ സലിം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബീന ജോബി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| സൈമൺ വർഗ്ഗീസ് | സെക്രട്ടറി | 01-04-2022 | 28-09-2022 |
| സുരേഷ് എ. | സെക്രട്ടറി | 29-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജി എം.എൽ | അസ്സിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 25-04-2022 |
| ദീപാ. എം. നായർ | അസ്സിസ്റ്റന്റ് സെക്രട്ടറി | 26-04-2022 | 21-10-2022 |
| രാജീവ് എം. കൃഷ്ണൻ | അസ്സിസ്റ്റന്റ് സെക്രട്ടറി | 22-10-2022 | 31-03-2023 |
| ശിവപ്രസാദ് പി.എസ് | അസ്സിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 26-07-2022 |
| വിനോദ് വി.സി | അസ്സിസ്റ്റന്റ് എഞ്ചിനീയർ | 27-07-2022 | 31-03-2023 |
| ഡോ മഹിമ ജോൺ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ വിനോദ് എൻ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2022 | 27-05-2022 |
| ഡോ ശ്രീജിത്ത് റ്റി.ജി | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 28-05-2022 | 31-03-2023 |
| റംസി മോൾ സലീം | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ബീനാ വർഗ്ഗീസ് | കൃഷി ഓഫീസർ | 01-04-2022 | 30-04-2022 |
| ശ്രീകുമാർ എസ്. | കൃഷി ഓഫീസർ | 30-04-2022 | 14-11-2022 |
| മുത്തുസ്വാമി എം.റ്റി | കൃഷി ഓഫീസർ | 15-11-2022 | 11-12-2023 |
| എം.ആർ.രമാദേവി | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-05-2022 |
| അനില മെറാഡ് | ഹെഡ്മിസ്ട്രസ് | 01-06-2022 | 31-03-2023 |
| ഷാൻ കുമാർ കെ.പി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| പ്രശാന്ത് പി.വി | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| സിന്ധു വി. | ഫിഷറീസ് ഓഫീസർ | 01-04-2022 | 28-10-2022 |
| ജെ. ശ്രീകുമാർ | ഫിഷറീസ് ഓഫീസർ | 29-10-2022 | 31-12-2022 |
| രഞ്ജിനി പി.കെ | ഫിഷറീസ് ഓഫീസർ | 01-01-2023 | 31-03-2023 |
| സന്ധ്യ എ.റ്റി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 06-01-2023 |
| വനജ കുമാരി വി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ (ചാർജ്ജ്) | 07-01-2023 | 27-02-2023 |
| ഷിബിമോൾ സി.ബി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 28-02-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-5 |
| 7 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ബാധ്യതാ ഹെഡിലെ തുകയും ബാങ്ക് നീക്കിയിരുപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | സ്പെഷ്യൽ ഫണ്ടുകൾ - നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുവാൻ രേഖകളില്ല | 1-1-7 |
| 9 | മുൻകൂറുകൾ, വിനിയോഗ സാക്ഷ്യപത്രം വാങ്ങി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല | 1-1-8 |
| 10 | ബാധ്യത ഹെഡുകൾ–അക്കൗണ്ടിംഗിന്റെ കൃത്യത പരിശോധിക്കുവാൻ രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-9 |
| 11 | വസ്തു നികുതി- ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ഓണം അഡ്വാൻസ്-ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുക കൃത്യമല്ല | 1-1-11 |
| 13 | വാടക-ഡിമാന്റ്, കളക്ഷൻ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | ലോൺ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യംമല്ല | 1-1-13 |
| 15 | ഗുണഭോക്തൃവിഹിതം-നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുന്നതിന് രേഖകളില്ല | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഗ്രാന്റ് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമ പദ്ധതികൾ | 1-7 |
| 22 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | രസീതുബുക്കുകളുടെ പരിപാലനം | 1-11 |
| 26 | തനത് വിഭവ സമാഹരണം - അവലോകനം | 1-12 |
| 27 | റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിശ്ചയിച്ചു | 1-13 |
| 28 | വസ്തു നികുതിയിന്മേൽ സേവന ഉപനികുതി ഈടാക്കുന്നില്ല | 1-14 |
| 29 | തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ല | 1-15 |
| 30 | ലൈസൻസ് ഫീസ് പിരിവ് -അപാകങ്ങൾ | 1-16 |
| 31 | രജിസ്ട്രേഷനില്ലാതെ പ്രൈവറ്റ് ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു | 1-17 |
| 32 | വാടക പിരിവ് പൂർണ്ണമല്ല | 1-18 |
| 33 | ഗ്രാമപഞ്ചായത്തിന്റെ റവന്യൂ കമ്മി 91.23 ലക്ഷം രൂപ | 1-19 |
| 34 | സംയുക്ത പദ്ധതി - ട്രഷറി അക്കൗണ്ടിൽ നിഷ്ക്രീയമായി ശേഷിക്കുന്നത് 23.5 ലക്ഷം രൂപ | 1-20 |
| 35 | ശബരിമല സ്പെഷ്യൽ ഫണ്ട് ചെലവഴിക്കാതെ ശേഷിക്കുന്നത് 72.10 ലക്ഷം രൂപ | 1-21 |
| 36 | പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് -ചെലവഴിക്കാതെ പലിശ രഹിത അക്കൗണ്ടിൽ | 1-22 |

| | | |
|---|---|---|
| | സൂക്ഷിക്കുന്നത് 32.71 ലക്ഷം രൂപ | |
| 37 | ഇല്ലാത്ത വിളക്കുകളുടെ വൈദ്യുത ചാർജ് അടയ്ക്കുന്നു | 1-23 |
| 38 | ഉപയോഗമില്ലാത്ത പൊതുടാപ്പുകൾക്ക് വെള്ളക്കരം അടയ്ക്കുന്നു | 1-24 |
| 39 | പരേതർക്കും ക്ഷേമപെൻഷൻ വിതരണം ചെയ്തു – പൊതു ഖജനാവിന് 7.17 ലക്ഷം രൂപയുടെ നഷ്ടം | 1-25 |
| 40 | എട്ടര ലക്ഷം മുടക്കി നവീകരിച്ച സ്കൂൾ കെട്ടിടത്തിന് ചോർച്ച | 1-26 |
| 41 | കുടമുരുട്ടി സ്കൂൾ കെട്ടിടം മെയിൻറനൻസ് - പൊളിച്ചുമാറ്റിയ തടി ഉരുപ്പടികൾ കൈയ്യൊഴിച്ചില്ല | 1-27 |
| 42 | റീകോൺക്രീറ്റിംഗിന് അധിക നിരക്ക് അനുവദിച്ച ഇനത്തിൽ 36706 രൂപയുടെ നഷ്ടം | 1-28 |
| 43 | എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകം; 13816 രൂപയുടെ ഒഴിവാക്കാമായിരുന്ന അധിക ചെലവ് | 1-29 |
| 44 | ചട്ടവിരുദ്ധമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നു | 1-30 |
| 45 | അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തി | 1-31 |
| 46 | പി.എച്ച്.സി കെട്ടിടത്തിന്റെ വൈദ്യുതീകരണ പ്രവൃത്തി; പൂർത്തീകരണ വിവരം ഇല്ല | 1-32 |
| 47 | പുതിയ കെട്ടിടം നിർമ്മിച്ചിട്ടും അങ്കണവാടി വാടകകെട്ടിടത്തിൽ | 1-33 |
| 48 | ഇടവിളകൃഷി വികസനം - വളം വിതരണം നടത്തിയതിലെ അപാകതകൾ | 1-34 |
| 49 | ഇടവിളകൃഷി വികസനം - കാപ്പിതൈ വിതരണത്തിലെ അപാകതകൾ | 1-35 |
| 50 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - പദ്ധതി പൂർണ്ണമായി നടപ്പാക്കിയില്ല | 1-36 |
| 51 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം | 1-37 |
| 52 | സ്വകാര്യ ഭൂമിയിൽ വാട്ടർ ടാങ്ക് സ്ഥാപിച്ചു; പെരുനാട് അത്തിക്കയം കുടിവെള്ള പദ്ധതി പ്രതിസന്ധിയിൽ | 1-38 |
| 53 | ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് അക്കൗണ്ട് ആരംഭിച്ചില്ല | 1-39 |
| 54 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല | 1-40 |
| 55 | ലക്ഷക്കണക്കിന് രൂപയുടെ മരുന്നു ലഭ്യമാക്കുവാൻ അവശേഷിക്കുന്നു | 1-41 |
| 56 | വിനിയോഗ രേഖകൾ ഹാജരാക്കിയില്ല | 1-42 |
| 57 | വനിതാ ഘടക പദ്ധതി - പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-43 |
| 58 | ധാതുലവണ മിശ്രിതം - വിതരണ രേഖകൾ പൂർണ്ണമല്ല | 1-44 |
| 59 | ഭൗതിക സൗകര്യങ്ങളിലെ കുറവ്- ബഡ്സ് സ്കൂളിന് സ്ഥിര അംഗീകാരം ലഭിച്ചിട്ടില്ല | 1-45 |
| 60 | അഗതി രഹിത കേരളം പദ്ധതി ഭക്ഷ്യകിറ്റ് വിതരണത്തിൽ ഒതുങ്ങി | 1-46 |
| 61 | മരാമത്ത് പ്രവൃത്തികൾ– ബില്ലിൽ നിന്നുള്ള റിക്കവറി തുകകൾ ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുന്നു | 1-47 |
| 62 | ഫയലുകൾ പരിശോധനയ്ക്ക് ലഭിച്ചില്ല; ചെലവ് തടസ്സപ്പെടുത്തുന്നു | 1-48 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | റീകോൺക്രീറ്റിംഗിന് അധിക നിരക്ക് അനുവദിച്ച ഇനത്തിൽ 36706 രൂപയുടെ നഷ്ടം | 3-1 |
| 2 | എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകം; 13816 രൂപയുടെ ഒഴിവാക്കാമായിരുന്ന അധിക ചെലവ് | 3-2 |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4- 5 |

| | | |
|---|---|---|
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി. ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, എന്നിവ പ്രകാരവും, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ, പാലിക്കൽ നിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചും 13/07/23-ലെ 1(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 30-07-2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടർ

15/12/2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത്രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4713209 രൂപയാണ്. എന്നാൽ ഈ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 232814 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തികളുടെ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആധികാരികവും കാലികവുമായ അനുബന്ധ രേഖകൾ ഇല്ലാത്തതിനാൽ വ്യക്തമല്ല. വാർഷിക കണക്ക് പ്രകാരം ആസ്തികളെ ഉൽപാദനം, സേവനം, ഇൻഫ്രാസ്ട്രക്ചർ, എന്നിങ്ങനെ വർഗ്ഗീകരിച്ചിട്ടുണ്ടെങ്കിലും ഈ രീതിയിലുള്ള ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല എന്നതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

## 1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) ഡി അനുസരിച്ച് 1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 വർഷം അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. കൂടാതെ പ്രതിമാസം തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമായിരുന്നു. “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റത്തവണമാത്രം(31.03.2023) രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷിക കണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമ പ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും സഞ്ചയ സോഫ്റ്റ്വെയറുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-1-5 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7 പ്രകാരം കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരിക രേഖകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

## 1-1-6 ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ബാധ്യതാ ഹെഡിലെ തുകയും ബാങ്ക് നീക്കിയിരപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ടൈഡ്& അൺടൈഡ്) ഗ്രാന്റിനത്തിൽ നീക്കിയിരിപ്പുള്ളത് 5236425 രൂപയാണ്. എന്നാൽ ബി-17 ഷെഡ്യൂൾ പ്രകാരമുള്ള ബാങ്ക് ബുക്ക് നീക്കിയിരിപ്പ്

4046271 രൂപ മാത്രമാണ്. ബാങ്ക് അക്കൗണ്ട് റീക്കൺസിലിയേഷനും കൃത്യമല്ല

**1-1-7 സ്പെഷ്യൽ ഫണ്ടുകൾ - നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുവാൻ രേഖകളില്ല**

ഷെഡ്യൂൾ ബി-2 ൽ Other Earmarked Special Fund ഇനത്തിൽ 5957243 രൂപയും ഷെഡ്യൂൾ ബി-4 ൽ Grants Funds & Conrtibution For Specific Purpose ഇനത്തിൽ 3014680 രൂപയും ബാധ്യതയായി അക്കൗണ്ട് ചെയ്തിട്ടുണ്ട്. ഈ തുകകളുടെ കൃത്യത പരിശോധിക്കുന്നതിന് രേഖകളില്ല.

**1-1-8 മുൻകൂറുകൾ, വിനിയോഗ സാക്ഷ്യപത്രം വാങ്ങി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല**

ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂറുകൾ, വിനിയോഗ സാക്ഷ്യപത്രം വാങ്ങി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

വാട്ടർ അതോറിറ്റി - 2728695

കെ.എസ്.ഇ.ബി. - 4766333

ഭൂജല വകുപ്പ് – 168000

പൊതുമരാമത്ത് വകുപ്പ്-1057500

**1-1-9 ബാധ്യത ഹെഡുകൾ-അക്കൗണ്ടിംഗിന്റെ കൃത്യത പരിശോധിക്കുവാൻ രേഖകൾ സൂക്ഷിച്ചിട്ടില്ല**

ഷെഡ്യൂൾ ബി-9: ബാധ്യത ഹെഡുകളിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെടുന്നതിനാവശ്യമായ രജിസ്റ്ററുകളും രേഖകളും സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ് കളക്ഷൻ സംബന്ധിച്ച് ഡിമാന്റ് രജിസ്റ്ററുകളിൽ(തൊഴിൽ നികുതി, വാടക) രേഖപ്പെടുത്തലുകളില്ല.

**1-1-10 വസ്തു നികുതി- ഡിമാന്റ്, കളക്ഷൻ, ബാലൻസ് സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല**

വസ്തുനികുതി- ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-43), നീക്കിബാക്കി (ഷെഡ്യൂൾ B-15), അഡ്വാൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ്, അഡ്വാൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

**1-1-11 ഓണം അഡ്വാൻസ്-ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുക കൃത്യമല്ല**

ഷെഡ്യൂൾ ബി-18 പ്രകാരം ഓണം അഡ്വാൻസ് ഇനത്തിൽ 24000 രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ 12000 രൂപ മാത്രമാണ് വർഷാവസാനം ക്രമീകരിക്കുവാനുണ്ടായിരുന്നത്.

**1-1-12 വാടക-ഡിമാന്റ്, കളക്ഷൻ തുകകൾ പൊരുത്തപ്പെടുന്നില്ല**

വാടക ഇനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ രജിസ്റ്റർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല

**1-1-13 ലോൺ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് കൃത്യംമല്ല**

ലൈഫ് പദ്ധതിയ്ക്കായി വായ്പ എടുത്ത തുകയിൽ(മുതൽ) 20448736 രൂപയാണ് തിരിച്ചടയ്ക്കാൻ ശേഷിക്കുന്നത്. എന്നാൽ വാർഷിക കണക്ക് പ്രകാരം വായ്പ കുടിശ്ശിക 25748940 രൂപയാണ്.

**1-1-14 ഗുണഭോക്തൃവിഹിതം-നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിക്കുന്നതിന് രേഖകളില്ല**

ഗുണഭോക്തൃ വിഹിതം ഇനത്തിൽ 184874 രൂപ നീക്കിയിരിപ്പുണ്ട്. 65624 രൂപ ഈ ഇനത്തിൽ മുന്നിരിപ്പുണ്ടായിരുന്നു. ഇതിന്റെ കൃത്യത പരിശോധിക്കുന്നതിന് രേഖകൾ സൂക്ഷിച്ചിട്ടില്ല.

**1-2 ബജറ്റ്**

2022-23 വർഷത്തെ പഞ്ചായത്ത് ഭരണസമിതിയുടെ 26.03.2022ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് അംഗീകരിച്ചു. 22.03.2023-ലെ 2-ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ച ബജറ്റും അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും, റസീറ്റ് & പേയ്മെന്റ് പത്രിക (R&P), ഇൻകം & എക്സ്പെൻഡിച്ചർ പത്രിക എന്നിവ പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | റസീറ്റ് & പേയ്മെന്റ് പത്രിക | ഇൻകം &എക്സ്പെൻഡിച്ചർ പത്രിക |
|---|---|---|---|
| മുന്നിരിപ്പ് | 8814159 | 11552818 | |

| | | | |
|---|---|---|---|
| വരവ് | 161495000 | 48138736 | 123733928 |
| ആകെ | 170309159 | 59691554 | 123733928 |
| ചെലവ് | 161588000 | 43425527 | 130495597 |
| നീക്കിയിരിപ്പ് | 8721159 | 16266027 | |

ബജറ്റ് പ്രകാരം 16.44 കോടി രൂപയുടെ പ്രതീക്ഷിത വരവും 16.15 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. ഗ്രാമപ്പഞ്ചായത്തിന്റെ 2022-23 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം കോടി 12.37 രൂപയും ചെലവ് 13.04കോടി രൂപയുമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 ൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി കഴിയുന്നത്ര വാസ്തവികമായ രീതിയിൽ ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. സെക്ഷൻ-215 പ്രകാരം ബജറ്റ് അംഗീകരിക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ഭരണസമിതി ഉറപ്പാക്കേണ്ടതാണ്. കാര്യക്ഷമമായ വിഭവ സമാഹരണത്തിനും, വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട അനിവാര്യവും പൊതുവുമായ ചുമതലാ നിർവ്വഹണത്തിനും, ഇതിലുൾപ്പെട്ട പ്രോജക്ടുകളുടെ സമയബന്ധിതവും ഗുണകരവുമായ നിർവ്വഹണം ഉറപ്പാക്കുന്നതിനുമുള്ള ഒരുപാധി എന്ന നിലയിൽ ബജറ്റ് പ്രയോജനപ്പെടുത്തുവാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| ഇനം | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 11552818 | |
| ഓഡിറ്റ് വർഷത്തെ വരവ് | 48138736 | 123733928 |
| ആകെ വരവ് | 59691554 | 123733928 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43425527 | 130495597 |
| നീക്കിയിരിപ്പ് | 16266027 | |

## 1-4 ഗ്രാന്റ് വിനിയോഗം

| **ഫണ്ടിനം** | **മുന്നിരിപ്പ്** | **വരവ് (അലോട്ട്മെന്റ് ലഭിച്ചത്)** | **ആകെ** | **ചെലവ്** | **നീക്കിയിരിപ്പ്** |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 15274710 | 15274710 | 14141536 | 1133174 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2974000 | 2974000 | 2694496 | 279504 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 4083000 | 4083000 | 4083000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 2424976 | 3688000 | 6112976 | 1857813 | 4255163 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ക്യാരി ഓവർ വിഹിതം | 0 | 1300872 | 1300872 | 813275 | 487597 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 1220286 | 2637128 | 3857414 | 2876152 | 981262 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 0 | 438995 | 438995 | 179617 | 259378 |

| | | | | | |
|---|---|---|---|---|---|
| ക്യാരി ഓവർ വിഹിതം | | | | | |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ് | 0 | 6114000 | 6114000 | 5207666 | 906334 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 9368000 | 9368000 | 8365075 | 1002925 |
| ധനകാര്യ കമ്മീഷൻ-ഹെൽത്ത് ഗ്രാന്റ് (Support For Diagnostics) | 0 | 269142 | 269142 | 156630 | 112512 |
| ധനകാര്യ കമ്മീഷൻ-ഹെൽത്ത് ഗ്രാന്റ് (Sub Centres To Health & Wellness Centres | 0 | 137329 | 137329 | 133078 | 4251 |
| ശുചിത്വ മിഷൻ | 595584 | 1294000 | 1889584 | 1222000 | 667584 |
| ഐ.സി.ഡി.എസ് | 395537 | 948362 | 1343899 | 1388528 | -44629 |
| ശബരിമല ഗ്രാന്റ് | 5957243 | 1759000 | 7716243 | 505911 | 7210332 |
| ബയോഡൈവേഴ്സിറ്റി | 440854 | 11173 | 452027 | 217200 | 234827 |
| MGNREGS | 4398 | 31558501 | **31562899** | **31558690** | 4209 |

**ഗ്രാന്റ് സ്റ്റേറ്റ്മെന്റ് -അപാകതകൾ**

1..സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവിൽ വികസന ഫണ്ടിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. ഈ തുക കുറച്ചാണ് വരവ് കണക്കാക്കിയിരിക്കുന്നത്. എന്നാൽ ജി.ഒ പ്രോജക്റ്റ് ആയി ചെലവിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. ഇത് മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പും കൃത്യമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | സ്രോതസ്സിൽ കുറവ് ചെയ്ത ചെലവിനം | ഗ്രാന്റ് പത്രിക പ്രകാരമുള്ള വരവിൽ ഉൾപ്പെടാത്ത തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | അങ്കണവാടി അധിക വേതനം | 963600 |
| | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 1228415 |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 214981 |
| വികസന ഫണ്ട് (റ്റി.എസ്.പി) | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 2370410 |

2) സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ബന്ധപ്പെട്ട രജിസ്റ്ററുകളിലും കൃത്യമായ വിവരം രേഖപ്പെടുത്തിയിട്ടില്ല.

3)ധനകാര്യകമ്മീഷൻ കമ്മീഷൻ ഗ്രാന്റ്- വാർഷിക ധനകാര്യപത്രിക, ഇ-ഗ്രാം സ്വരാജ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

1. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | (എണ്ണം) | | (എണ്ണം) | (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 200 | 169767355 | 73 | 65071633 | 80 | 47 | 38.3% |

**2. വിവിധ മേഖലകൾക്കായി വകയിരുത്തിയ തുകയും അവയുടെ ചെലവും**

| മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവിന്റെ ശതമാനം |
|---|---|---|---|
| ഉൽപ്പാദനം | 23955425 | 6489973 | 27.09% |
| സേവനം | 66964076 | 49021953 | 73.20% |
| പശ്ചാത്തലം | 19767781 | 9563603 | 48.38% |

3. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 4 | 4 | 967436 | 967424 |
| 2 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 11 | 11 | 2878204 | 2493284 |
| 3 | കൃഷി ഓഫീസർ | 6 | 5 | 19086750 | 3934259 |
| 4 | സെക്രട്ടറി | 35 | 31 | 10667260 | 8246802 |
| 5 | വെറ്ററിനറി സർജൻ | 11 | 11 | 1966500 | 971421 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 24 | 19 | 97798455 | 30337888 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 6 | 5381065 | 2381109 |
| 8 | ഡയറിഫാം ഇൻസ്ട്രക്ടർ | 2 | 2 | 2300000 | 1397138 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 12 | 7 | 1743300 | 1142258 |
| 10 | ഹെഡ്മാസ്റ്റർ | 7 | 7 | 1671049 | 808754 |
| 11 | അസിസ്റ്റന്റ് എഞ്ചിനീയർ | 79 | 50 | 25307336 | 12391296 |
| | ആകെ | 200 | 153 | 169767355 | 65071633 |

4. നിർബന്ധിത വകയിരുത്തലുകളും, ചെലവും

| പദ്ധതി | പദ്ധതികളുടെ എണ്ണം | വകയിരുത്തൽ | ചെലവ് |
|---|---|---|---|
| വനിതാ ഘടക പദ്ധതി | 9 | 2518750 | 1002488 |
| വൃദ്ധർ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ | 8 | 1925150 | 1032624 |
| പാലിയേറ്റീവ് കെയർ | 1 | 830000 | 751056 |
| ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതി | 11 | 3629600 | 577204 |
| പരിസ്ഥിതി സംരക്ഷണം | 3 | 1050675 | 201600 |
| യുവജന വികസന പദ്ധതി (SCP,TSP പദ്ധതികളുടെ സംഗതിയിൽ) | 1 | 75000 | 54917 |

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4397.90 | 2453040 | 257437.90 | 2453229 | 4208.9 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 29105461 | 29105461 | 29105461 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപ്പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പെൻഷൻ ഇനം | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 3320800 | 239 |
| മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2523600 | 171 |
| വിധവാ പെൻഷൻ | 6657000 | 521 |
| വാർദ്ധക്യകാല പെൻഷൻ | 16608000 | 1141 |
| അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 108800 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-11-2023 തീയതിയിൽ 2:30 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4157/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപ്പഞ്ചായത്തിന്റ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ജോലി വിഭജന ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

- തൊഴിൽ നികുതി രജിസ്റ്റർ, ലേല രജിസ്റ്റർ, വാടക രജിസ്റ്റർ എന്നിവയിലെ വർഷാന്ത്യ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.
- ജീവനക്കാർ സ്ഥലംമാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുന്നുണ്ടെന്നും ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.
- ആസ്തി രജിസ്റ്റർ, തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല.
- സ്യൂട്ട് രജിസ്റ്ററിൽ കേസുകളുടെ നിലവിലെ സ്ഥിതി രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല.
- ഓഡിറ്റ് ഫയലുകളിൽ പുനരഭിപ്രായക്കുറിപ്പ് പുറപ്പെടുവിച്ചതും, തീർപ്പാക്കാൻ അവശേഷിക്കുന്നതുമായ എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.
- സഞ്ചയ സോഫ്റ്റ്-വെയർ പ്രകാരമുള്ള കണക്കുകളും ILGMS പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.
- പെർമിറ്റ് ഫയലും, നമ്പറിംഗ് ഫയലും ക്ലബ്ബ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
- ക്രമവൽക്കരണത്തിന് കെ.പി.ബി.ആർ.2019 ചട്ടത്തിലെ അനുബന്ധം ജി2 മാതൃകയിലുള്ള രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.
- അനധികൃത കെട്ടിടങ്ങൾക്ക് യു.എ. നമ്പർ നൽകുന്ന അവസരത്തിൽ പ്രത്യേക രജിസ്റ്ററിൽ വിവരങ്ങൾ എഴുതി സൂക്ഷിക്കേണ്ടതാണ്.
- ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ കൂട്ടിച്ചേർക്കൽ വരുത്തുന്നത് ഗ്രാമസഭയുടെ അംഗീകാരത്തോടെയായിരിക്കേണ്ടതാണ്. അനർഹരെ ഒഴിവാക്കിയ വിവരം അടുത്ത ഗ്രാമസഭയിൽ അവതരിപ്പിക്കേണ്ടതാണ്.
- ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേണ്ടതാണ്.
- പല വർക്കിംഗ് ഗ്രൂപ്പുകളും കേവലം പേരിനുള്ളവ മാത്രമാണ്. പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്ന് സർക്കാർ നൽകിയ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്.
- സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- വിവരാവകാശ നിയമപ്രകാരം പരിപാലിക്കപ്പെടുന്ന രജിസ്റ്റർ Circular No.427990/Cdn5/2016/GAD, Dtd. 20.05.2016 പ്രകാരമായിരിക്കേണ്ടതാണ്.

- സേവനാവകാശ നിയമ രജിസ്റ്റർ 27.10.2012-ലെ ജ.ഒ.(പി)56/2012/പി.&എ.ആർ.ഡി. നമ്പർ ഉത്തരവിലെ അനുബന്ധമായി നൽകിയിട്ടുള്ള മാതൃകയിൽ തയ്യാറാക്കി വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.
- പരാതി രജിസ്റ്റർ നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതും, എല്ലാ വിവരങ്ങളും യഥാവിധി പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപേക്ഷകന് യഥാസമയം മറുപടി നൽകേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 07-09-2018 | 1997-98 മുതൽ 2007-08 വരെ | 26-11-2018 |
| പെർഫോമൻസ് ഓഡിറ്റ് | 11-04-2022 മുതൽ 12-04-2022 വരെ | 2021-22 | 05/2022 |

## 1-11 രസീതുബുക്കുകളുടെ പരിപാലനം

2022-23 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കും വിതരണം ചെയ്ത മാനുവൽ രസീത് ബുക്കുകൾ പരിശോധിച്ചത് പ്രകാരം കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തിൽ നിന്നും ജീവനക്കാർക്ക് വിതരണം ചെയ്യുന്ന രസീതുബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തുന്നില്ല. (ഉദാ:ബുക്ക് നം.9373)

2.സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല (ഉദാ:ബുക്ക് നം.9373).

3.നിർവ്വഹണോദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീതുബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല(ഉദാ:ബുക്ക് നം.9368, 9369, 9373).
അപാകങ്ങൾ ഒഴിവാക്കുന്നതിന് ഭാവിയിൽ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-12 തനത് വിഭവ സമാഹരണം - അവലോകനം

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശപ്രകാരവും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ടും നാറാണംമൂഴി ഗ്രാമപ്പഞ്ചായത്തിൽ നടത്തിയ പരിശോധനയിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ (കൈ) നം. 117/2022/LSGD/01-06-2022 ലെ നമ്പർ ഉത്തരവിലെ ക്രമ നമ്പർ 2 ൽ നികുതി വരുമാനത്തിന്റെ ഡി. സി. ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും, പ്രാദേശിക സർക്കാർ സമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണ്. ഗ്രാമപ്പഞ്ചായത്തിലെ സ്റ്റാൻഡിംഗ് കമ്മിറ്റി ടി നിർദ്ദേശം നടപ്പിലാക്കുന്നില്ല. എല്ലാ മാസത്തേയും വരവ് ചെലവുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി കൃത്യമായി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവുകളും യഥാർഥ വരവുകളുമായുള്ള അന്തരം ടി കമ്മിറ്റി പരിശോധിച്ചിട്ടില്ല. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ കമ്മറ്റി ചർച്ച ചെയ്യെങ്കിലും നടപ്പിലാക്കിയിട്ടില്ല.

2.ബജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ മൊത്തം വരവു ചെലവു കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. കൂടാതെ ഗ്രാമപ്പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്നതുമായിരിക്കണം. വസ്തുനികുതിയൊഴികെ ബജറ്റ് പ്രകാരമുള്ള തനത് വരവുകളും യഥാർത്ഥ വരവുകളും തമ്മിൽ അന്തരമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ബജറ്റ് പ്രകാരമുള്ള വരവ് | യഥാർത്ഥ വരവ് | വ്യതിയാനം(+/-) |
|---|---|---|---|---|
| 1 | തൊഴിൽ നികുതി | 1400000 | 880007 | -519993 |
| 2 | ലൈസൻസ് ഫീസ് | 300000 | 136500 | -163500 |
| 3 | പെർമിറ്റ് ഫീസ് | 400000 | 101480 | -298520 |
| 4 | വാടക | 800000 | 1061003 | +261003 |

3.1.വസ്തുനികുതി

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗമാണ് വസ്തുനികുതി. വസ്തുനികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുണ്ട്. കുടിശ്ശികയിനത്തിൽ 3.44 ലക്ഷം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. ജനറൽ മാനേജർ, റിലയൻസ്, ജിയോ ഇൻഫോകോം ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള മൊബൈൽ ടവറി(കെട്ടിട നം.9/384)ന്റെ വസ്തുനികുതിയിനത്തിൽ 36582/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.ഇത് സംബന്ധിച്ച സെക്രട്ടറിയ്ക്ക് നൽകിയ എൻക്വറിയ്ക്ക് (എൻക്വയറി നം.9/ 15.11.2023) റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.

3.2.വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയായില്ല

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023 -ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശ പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്വെയറിൽ ചേർക്കലിന്റെ ഭാഗമായുള്ള വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിയ്ക്കുമായി യോഗ്യരായവരെ നിയോഗിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ പൂർത്തിയായിട്ടില്ല. 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/ 2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം ഉപവിഭാഗങ്ങളുടെയും തറവിസ്തൃതിയുടെയും അടിസ്ഥാനത്തിൽ വസ്തുനികുതി നിരക്കുകൾ പരിഷ്കരിച്ചത് 31.05.2023-ലെ 1(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി യോഗം അന്തിമമായി നിശ്ചയിച്ച് തീരുമാനിക്കുകയും 21.06.2023-ൽവിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

4. തൊഴിൽ നികുതി

ഗ്രാമപ്പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല. പ്രൊഫഷണലുകളുടെ പട്ടിക സ്ഥാപനം തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടുണ്ട്. നികുതി പത്രികകൾ പരിശോധിച്ച ശേഷമാണ് നികുതി സ്വീകരിച്ചിട്ടുള്ളത്.

5.ലൈസൻസ് ഫീസ്

മൂലധന നിക്ഷേപത്തിന്റെ വിവരം കൃത്യമായി എല്ലാ അപേക്ഷ ഫോമുകളിലും രേഖപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീസിന്റെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞില്ല. പൂർണ്ണമല്ലാത്ത/ അപാകതകയുള്ള അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെ കണക്കും സഞ്ചയ സോഫ്റ്റ്വെയറിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

6.ലേലം

മാർക്കറ്റിലെ മത്സ്യ വ്യാപാരം, ഗേറ്റ് ഫീ പിരിവ് എന്നീയിനങ്ങളുടെ ലേലത്തിലൂടെ 201500/- രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. അത്തിക്കയം ബസ് സ്റ്റാന്റിന്റെ വാഹന പാർക്കിംഗ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ ലേലം നടന്നില്ല.

**2022-23 സാമ്പത്തിക വർഷത്തെ നികുതി നികുതിയേതര പിരിവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| ക്രമനം. | വരവിനം | ഡിമാന്റ് | കളക്ഷൻ | ശതമാനം |
|---|---|---|---|---|
| 1 | വസ്തു നികുതി | 2484494 | 2137498 | 86% |
| 2 | തൊഴിൽ നികുതി | 880007 | 880007 | 100% |
| 3 | ലൈസൻസ് ഫീസ് | 136500 | 136500 | 100% |
| 4 | വാടക | 1051003 | 798093* | 75.94% |
| 5 | ലേലം | 201500 | 201500 | 100% |
| 6 | പെർമിറ്റ് ഫീസ് | 101480 | 101480 | 100% |

(*വാടകയിനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയിൽ 194278/- രൂപയുടെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്)

**2021-22 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ നികുതി നികുതിയേതര പിരിവിലെ പുരോഗതിയുടെ വിവരം ചുവടെ ചേർക്കുന്നു.**

| ക്രമനം. | വരവിനം | 2021-22 | 2022-23 | വർദ്ധനവ്/കുറവ് | വർദ്ധനവ് /കുറവ്ശതമാനം |
|---|---|---|---|---|---|
| 1 | വസ്തു നികുതി | 1706944 | 2137498 | +430554 | +25.22% |
| 2 | തൊഴിൽ നികുതി | 868385 | 880007 | +11622 | +1.33% |
| 3 | ലൈസൻസ് ഫീസ് | 69300 | 136500 | +67200 | +96.97% |
| 4 | വാടക | 429696 | 798093 | +368397 | +85.73% |
| 5 | ലേലം | 210313 | 201500 | -8813 | -4.19% |

**തനത് വരുമാനം വർധിപ്പിക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.**

1)ലൈസൻസ് ഫീസ് വിവരങ്ങൾ, പാരാമെഡിക്കൽ/ഹോസ്പിറ്റൽ രജിസ്ട്രേഷൻ വിവരങ്ങൾ,അംഗീകൃത കരാറുകാരുടെ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ഡാറ്റാ ബേസ് തയ്യാറാക്കി ഡിമാന്റ് ചെയ്യുന്നത് വഴി നികുതി നികുതിയേതര പിരിവ് കാര്യക്ഷമമാക്കാൻ കഴിയും .

2)2) 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം വസ്തുനികുതിയുടെ 10 ശതമാനത്തിൽ കുറയാതെയുള്ള സേവന ഉപനികുതി ഈടാക്കുന്നത് തനതുവരുമാനം വർദ്ധിപ്പിക്കുന്നതാണ്.

3) അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കേണ്ടതാണ്.

4) ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നികുതി നിർണ്ണയപരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവൽക്കരിച്ച് നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

5)ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

## 1-13 റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിശ്ചയിച്ചു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു് നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 6-ാം ചട്ട പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ, വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിക്കുമ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ പ്രകാരം ടി കെട്ടിടങ്ങളുടെ റോഡിന്റെ തരം 5 മീറ്ററിൽ കൂടുതൽ വീതിയുള്ളതാണെങ്കിലും വസ്തുനികുതി നിർണ്ണയിച്ചപ്പോൾ 20% വർദ്ധനവ് വരുത്തിയിട്ടില്ല.

| കെട്ടിട നമ്പർ | ഉടമ | കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള റോഡിന്റെ തരം | സഞ്ചയ പ്രകാരമുള്ള റോഡിന്റെ തരം |
|---|---|---|---|
| 11/237A | അരുൺ പി | 5മീറ്ററിൽ കൂടുതൽ | 1.5 മീറ്ററിൽ കൂടുതൽ |
| 7/130A | സുനീഷ് കുമാർ, ലെഞ്ചിത ഭാസ്കർ | 5മീറ്ററിൽ കൂടുതൽ | 1.5 മീറ്ററിൽ കൂടുതൽ |

ആയത് സംബന്ധിച്ച് സെക്രട്ടറിയ്ക്ക് നൽകിയ എൻക്വയറിക്ക് (നം.12,13/15.11.2023) മറുപടിയായി പ്യൂരിഫിക്കേഷൻ സമയത്ത് വസ്തു നികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. വസ്തുനികുതി കുടിശ്ശിക തൻവർഷത്തെ നികുതിയോടൊപ്പം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-14 വസ്തു നികുതിയിന്മേൽ സേവന ഉപനികുതി ഈടാക്കുന്നില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്ടിലെ 207(1)-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്തതുമായ കെട്ടിടങ്ങളിൽ നിന്നും പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമാത്താവുന്നതാണ്. ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്ക് പരിപാലനം, ഡ്രൈനേജ് എന്നിവ ഏർപ്പെടുത്തുന്നതിലേക്ക് വസ്തു നികുതിയുടെ പത്ത് ശതമാനത്തിൽ കുറയാതെ സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് പ്രസ്തുത ചട്ടത്തിലെ 27-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. തനത് വരുമാനം കുറവായിരുന്നിട്ടും നാറാണംമൂഴി ഗ്രാമപഞ്ചായത്തിൽ സേവന ഉപനികുതി ഈടാക്കുന്നില്ല. കുറഞ്ഞത് 10% നിരക്കിൽ സേവന ഉപനികുതി ഈടാക്കിയിരുന്നെങ്കിൽ കഴിഞ്ഞ 5 വർഷത്തിൽ 831414/- രൂപ ഗ്രാമപഞ്ചായത്തിന് വരുമാനമായി ലഭിക്കുമായിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഈടാക്കിയ വസ്തു നികുതി (രൂപ) | സേവന ഉപനികുതി (കുറഞ്ഞത് 10% നിരക്കിൽ) |
|---|---|---|
| 2018-19 | 1547441 | 154744 |
| 2019-20 | 1584115 | 158411 |

| | | |
|---|---|---|
| 2020-21 | 1338166 | 133816 |
| 2021-22 | 1706944 | 170694 |
| 2022-23 | 2137498 | 213749 |
| | ആകെ | 831414/- |

സേവന നികുതി ഈടാക്കാത്തത് സംബന്ധിച്ച് സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.8/5.11.2023) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ മോശപ്പെട്ട സാമ്പത്തിക സ്ഥിതി പരിഗണിച്ച് സേവന ഉപനികുതി ഈടാക്കാനുള്ള സാധ്യത ഭരണസമിതി ആരായുന്നതിന് ശുപാർശ ചെയ്യുന്നു.

## 1-15 തൊഴിൽ നികുതി പിരിവ് പൂർണ്ണമല്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും നികുതി അടയ്ക്കാൻ ബാധ്യസ്ഥരുമായ മുഴുവൻ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കുന്നതിൽ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996 ലെ തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനം, ബിസിനസ്സ്, തൊഴിൽ, കല, ജോലി, ഉദ്യോഗം എന്നിവ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കാവുന്നതാണ്. 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിവ് സംബന്ധിച്ച പൊതുവായ അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ആധാരമെഴുത്ത് ഓഫീസുകൾ, അത്തിക്കയം അക്ഷയ സെന്റർ എന്നിവിടങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും, ജീവനക്കാരുടെ തൊഴിൽനികുതിയും ഈടാക്കിയിട്ടില്ല.

2.ചുവടെ ചേർക്കുന്ന പൊതുമരാമത്ത് കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.

| ക്രമ നം. | കരാറുകാരന്റെ പേരും മേൽവിലാസവും |
|---|---|
| 1 | ജാബു കുര്യൻ, കണ്ണംകുഴയത്ത്, കുടമുരുട്ടി |
| 2 | സതി കുമാർ, ശിവകൃപ, നാറാണംമൂഴി |
| 3 | ബാലചന്ദ്രൻ നായർ എം. വി, മേലേതിൽ പുത്തൻവീട്, ഇടപ്പാവൂർ |
| 4 | ബിനോയ് മുരളീധരൻ, വെളുത്താലക്കുഴിയിൽ, വടശ്ശേരിക്കര |
| 5 | റെസൺ. പി. റെജി, പുളിക്കുന്നേൽ, വെച്ചൂച്ചിറ |
| 6 | പി. വി. സോമശേഖരൻ നായർ, പാടത്തുകളയിൽ, പഴവങ്ങാടി, റാന്നി |
| 7 | കെ. വി. എബ്രഹാം, കൊട്ടക്കാട്ടത്, നാറാണംമൂഴി |
| 8 | ജോജി. സി. മാമ്മൻ, കരിങ്ങാറ്റിൽ ഹൗസ്, തലപ്പാറ |
| 9 | ഷിബിൻ രാജ്, വടക്കെചെരുവിൽ, നാറാണംമൂഴി |
| 10 | സന്തു പി. എസ്, വെച്ചൂച്ചിറ പള്ളിക്കുന്നേൽ |

ആയത് സംബന്ധിച്ച് സെക്രട്ടറിയ്ക്ക നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.22/16.11.2023) മറുപടി ലഭ്യമാക്കിയില്ല. നികുതി ഈടാക്കിയശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ

സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 ലൈസൻസ് ഫീസ് പിരിവ് -അപാകങ്ങൾ

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്ന് സമയബന്ധിതമായി ലൈസൻസ് ഫീസ് ഈടാക്കുന്നില്ല. കേരളാ പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2022-23 വർഷത്തെ ലൈസൻസ് പിരിവുമായി ബന്ധപ്പെട്ട അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കിയില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | അക്ഷയ കേന്ദ്രം, ഇടമൺ |
| 2 | ക്ഷീര കർഷക സംഘം, അത്തിക്കയം |
| 3 | ക്ഷീര കർഷക സംഘം, ഇടമുറി |
| 4 | മാവേലി സ്റ്റോർ, അത്തിക്കയം |

2.സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ വാണിജ്യ-വ്യവസായ ഉപയോഗ ക്രമത്തിലുള്ള 680 കെട്ടിടങ്ങൾ നിലവിലുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം 143 സ്ഥാപനങ്ങളിൽ നിന്ന് മാത്രമാണ് പഞ്ചായത്ത് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെ കണക്കും സഞ്ചയ സോഫ്റ്റ്‌വെയറിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഇത് സംബന്ധിച്ച് സെക്രട്ടറിയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.19/16.11.2023) മറുപടിയായി, ലൈസൻസ് എടുത്തിട്ടില്ലാത്ത സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീസ് അടവാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. ടി വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 രജിസ്ട്രേഷനില്ലാതെ പ്രൈവറ്റ് ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു

2022-23 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച എല്ലാ പ്രൈവറ്റ് ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ നടത്തിയിട്ടില്ല. 1997ലെ കേരള പഞ്ചായത്ത്രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ഗ്രാമ പഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ ചെയ്യാതെ യാതൊരു പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിപ്പിക്കാൻ പാടില്ല. 2022-23 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്വകാര്യ ഹോസ്പിറ്റലുകളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുത്തിട്ടില്ല. രജിസ്ട്രേഷനില്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | Dr.സി.ബാബു മെമ്മോറിയൽ ഹോസ്പിറ്റൽ, അത്തിക്കയം |
| 2 | കൈരളി ക്ലിനിക്കൽ ലബോറട്ടറി, അത്തിക്കയം |

ആയത് സംബന്ധിച്ച് സെക്രട്ടറിയ്ക്ക് നൽകിയ എൻക്വയറിയ്ക്ക് (എൻക്വയറി നം.20/16.11.2023) മറുപടിയായി ടി സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ ഫീസ് അടവാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് ഓഡിറ്റിനെ അറിയിച്ചു. പ്രൈവറ്റ് ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും സമയബന്ധിതമായി രജിസ്ട്രേഷൻ എടുക്കുന്നുണ്ടെന്ന പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 വാടക പിരിവ് പൂർണ്ണമല്ല

2022-23 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് കുടിശ്ശികയിനത്തിൽ 252910/- രൂപ ഈടാക്കാൻ അവശേഷിക്കുന്നതായി കണ്ടു. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം.29/ 17.11.2023) ടി തുക പിരിച്ചെടുക്കാൻ നടപടികൾ ആരംഭിച്ചതായി മറുപടി ലഭ്യമാക്കി. കുടിശ്ശിക ഈടാക്കാൻ പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റൂം നം. | വാടകകാരന്റെ പേര് | കുടിശ്ശിക തുക | സ്വീകരിച്ച നടപടി |
|---|---|---|---|
| ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.6 | സെക്രട്ടറി, കോ-ഓപറേറ്റിവ് ബാങ്ക്, നാറാണംമൂഴി | 33160 | ഓൺലൈൻ RR ചെയ്തു |
| SGSY റൂം നം.6 | ശാന്തമ്മ വർഗ്ഗീസ്, പുത്തൻപുരമൂഴിക്കൽ, മടന്തമൺ | 66228 | ഓൺലൈൻ RR ചെയ്തു |
| ഓപ്പൺ സ്റ്റാൾ നം.1 | റെജി വി.ജി., വളനാവറ, കണ്ണംപള്ളി | 29796 | ഓൺലൈൻ RR ചെയ്തു |
| ഓപ്പൺ സ്റ്റാൾ നം.4,5 | പി.വി.വർഗ്ഗീസ്, പുത്തൻപുരമൂഴിക്കൽ, മടന്തമൺ | 65094 | ഓൺലൈൻ RR ചെയ്തു |
| ഓപ്പൺ സ്റ്റാൾ നം.10 | അലിയാർ റാവുത്തർ, ഒലിയ്ക്കപതാലിൽ | 58632 | നോട്ടീസിനെതിരെ ടിയാൻ ബഹു.ഹൈക്കോടതിയിൽ WP(C) 24430/2022 നമ്പരായി കേസ് ഫയൽ ചെയ്തു |
| | ആകെ | 252910/- | |

കുടിശ്ശിക ഈടാക്കുന്നതിനുള്ള തുടർ നടപടികളുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ടി വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-19 ഗ്രാമപഞ്ചായത്തിന്റെ റവന്യൂ കമ്മി 91.23 ലക്ഷം രൂപ

ഗ്രാമപ്പഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ തനത് വരവ്, ചെലവ് കണക്കുകൾ പരിശോധിച്ചതിൽ സാമ്പത്തികനില തൃപ്തികരമായ അവസ്ഥയിലല്ല എന്ന് വ്യക്തമായി. നികുതി നികുതിയേതര വരവുകൾ ഉൾപ്പടെയുള്ള തനത് വരുമാനം ഗ്രാമപഞ്ചായത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ്, അഡ്മിനിസ്റ്റേറ്റിവ്,, ഓപ്പറേഷൻ & മെയിന്റനൻസ് ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല. കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ ധനകമ്മി **91.23** ലക്ഷം രൂപയാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

(Income & Expenditure Statement പ്രകാരമുള്ളത്).

| *തനത് വരുമാനം* | *തുക* | *ചെലവ്* | *തുക* |
|---|---|---|---|
| Tax Revenue | 2600927 | *Establishment Expenses* | *6746209* |
| Fees User Charges | 1586489 | Administrative Expenses | 5476695 |
| Sale & Hire Charges | 37450 | Operations Maintenance | 2030590 |
| Interest Earned | 344288 | Bank Charges | 3370 |
| Rental Income | 526940 | | |
| Tender Form Sale | 37450 | | |
| **ആകെ** | 5133544 | | 14256864 |
| റവന്യൂ കമ്മി | | 14256864 -5133544=9123320 | |

പൊതു ആവശ്യ ഗ്രാന്റിനത്തിൽ 7735400 രൂപയാണ് ലഭിച്ചിട്ടുള്ളത്. ഇത് ഉൾപ്പടെയുള്ള ആകെ വരവ് പോലും ഗ്രാമപഞ്ചായത്തിന്റെ തനത് ആവശ്യത്തിനുള്ള ചെലവുകൾ ചെയ്യുന്നതിന് പര്യാപ്തമല്ല. ശബരിമല ഗ്രാന്റ്, റ്റി.എസ്.പി. കോർപ്പസ് ഫണ്ട് തുടങ്ങി തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള സ്പെസിഫിക് ഗ്രാന്റുകൾ വകമാറ്റി ചെലവഴിച്ചാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, വൈദ്യുതചാർജ്, വെള്ളക്കരം എന്നിവ മുടക്കം കൂടാതെ നൽകുന്നത്. ഇത്തരത്തിൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ ഉണ്ടാകുന്നില്ല. വസ്തു നികുതിയിൻമേൽ സേവന നികുതി ഈടാക്കുന്നതിനുള്ള സാധ്യത ഗ്രാമപഞ്ചായത്ത് ഉപയോഗപ്പെടുത്തിയില്ല. തനത് വരവുകൾ 90% പിരിച്ചെടുക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് അനുവദിച്ച വികസന ഫണ്ട് കുറവ് ചെയ്യുന്ന സാഹചര്യവുമുണ്ടായി.

അധികാര വികേന്ദ്രീകരണത്തിന്റെ ഫലമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്തങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവങ്ങൾ ആവശ്യമാണ്. ആയതിനാൽ നികുതി/നികുതിയേതര സ്രോതസ്സുകളിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും, അതുപോലെതന്നെ പൊതുടാപ്പുകളുടെ വെള്ളക്കരം പോലെയുള്ള ആവർത്തന ചെലവുകൾ പരമാവധി കുറച്ചുകൊണ്ടുവന്ന് പഞ്ചായത്തിന്റെ ധനകമ്മി കുറയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-20 സംയുക്ത പദ്ധതി - ട്രഷറി അക്കൗണ്ടിൽ നിഷ്ക്രിയമായി ശേഷിക്കുന്നത് 23.5 ലക്ഷം രൂപ

ഗ്രാമപഞ്ചായത്തിന്റെ പേരിൽ ട്രഷറിയിലുള്ള സംയുക്ത പദ്ധതി അക്കൗണ്ടിൽ 2349081 രൂപ ചെലവഴിക്കാതെ ശേഷിക്കുന്നുണ്ട്. മുൻവർഷങ്ങളിൽ വാർഷിക പദ്ധതിയിലുൾപ്പെട്ട വിവിധ പ്രോജക്ടുകൾക്കായി ഗ്രാമപഞ്ചായത്തിന് ലഭ്യമായ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതമാണ് ഇപ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്നത്. 2022-23 വർഷം ഈ ട്രഷറി അക്കൗണ്ടിൽ നിന്നും ഇടപാടുകൾ ഒന്നും നടന്നിട്ടില്ല. തൻ വർഷം പ്രോജക്ട് മാപ്പിങ്ങിലൂടെ ലഭ്യമായ ജില്ല-ബ്ലോക്ക് വിഹിതങ്ങളാണ് സംയുക്ത പ്രോജക്ടുകളിൽ ചെലവഴിച്ചത്. ട്രഷറി അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള ജില്ല-ബ്ലോക്ക് വിഹിതം ഏത് സാമ്പത്തിക വർഷം ഏതെല്ലാം പ്രോജക്ടുകൾക്ക് ലഭിച്ചതാണ് എന്നത് സംബന്ധിച്ച വിശദാംശവും

മുൻവർഷങ്ങളിൽ പ്രോജക്റ്റിന് ചെലവഴിച്ചതിന് ശേഷം അവശേഷിക്കുന്ന ഫണ്ടുകളാണോ എന്നതിലും വ്യക്തതയില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകയിൽ ചെലവഴിക്കാതെ ശേഷിക്കുന്ന തുകയുടെ ഹെഡ് തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം-ക്യാപ്പിറ്റൽ, 320700104 | 1076650 |
| ജില്ലാ പഞ്ചായത്ത് വിഹിതം-ക്യാപ്പിറ്റൽ 320700105 | 1000000 |
| ജില്ലാ പഞ്ചായത്ത് വിഹിതം-റവന്യൂ എക്സ്പെൻഡിച്ചർ, 320700205 | 272431 |
| | 2349081 |

ട്രഷറി അക്കൗണ്ടിൽ നിഷ്ക്രിയമായി ശേഷിക്കുന്ന തുക ഏതെല്ലാം പ്രോജക്ടുകൾക്കായി ലഭ്യമായതാണെന്നതിന്റെ വിശദാംശവും ഈ തുക സർക്കാരിലേയ്ക്ക് തിരികെ അടയ്ക്കാതിരുന്നതിന് വിശദീകരണവും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം.2/14.11.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിച്ച് വിശദാംശം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-21 ശബരിമല സ്പെഷ്യൽ ഫണ്ട് ചെലവഴിക്കാതെ ശേഷിക്കുന്നത് 72.10 ലക്ഷം രൂപ

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് ശബരിമല സ്പെഷ്യൽ ഫണ്ട് എല്ലാ വർഷവും ഗ്രാമപഞ്ചായത്തിന് സർക്കാർ അനുവദിച്ച് നൽകുന്നത്. 2021-22, 2022-23 സാമ്പത്തിക വർഷം മുതൽ പ്രസ്തുത ആവശ്യത്തിനായി ലഭ്യമായ തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിബാക്കി | ചെലവ് % |
|---|---|---|---|---|---|---|
| 2021-22 | 4149692 | 2040000 | 6189692 | 232449 | 5957243 | 3.7% |
| 2022-23 | 5957243 | 1759000 | 7716243 | 505911 | 7210332 | 6.5% |

2022-23 സാമ്പത്തിക വർഷം 1759000 രൂപ ശബരിമല ഫണ്ടിനത്തിൽ ലഭിച്ചെങ്കിലും 505911 രൂപ മാത്രമാണ് ചെലവഴിച്ചത്. 2021-22 വർഷത്തെ ചെലവ് 232449 രൂപ മാത്രമാണ്. ശുചീകരണ തൊഴിലാളികൾക്കും, ലൈഫ് ഗാർഡുകൾക്കും വേതനം, തെരുവ് വിളക്ക് വാങ്ങൽ അവയുടെ പരിപാലനം, ഇടത്താവളത്തിൽ കുടിവെള്ള വിതരണം എന്നിങ്ങനെയുള്ള പ്രോജക്ടുകളാണ് ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളത്. ഇടത്താവളങ്ങളുടെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് പ്രോജക്ടുകൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. ലഭ്യമാക്കിയ രേഖകൾ പ്രകാരം 72 ലക്ഷം രൂപ നീക്കിയിരിപ്പുണ്ട് വാർഷിക ധനകാര്യ പത്രിക പ്രകാരം ഈ തുക ബാധ്യതയായി അക്കൗണ്ട് ചെയ്തിട്ടില്ല. Other Earmarked Special Fund എന്നയിനത്തിൽ 5957243 രൂപ ബാധ്യത കാണിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച രേഖകളും സൂക്ഷിച്ചിട്ടില്ല. ശബരിമല സ്പെഷ്യൽ ഫണ്ട് സംബന്ധിച്ച് വ്യക്തമായ കണക്കുകൾ സൂക്ഷിക്കാത്ത സാഹചര്യത്തിൽ ഫണ്ട് വകമാറ്റി ചെലവഴിക്കാനുള്ള സാധ്യതയുണ്ട്. ചെലവിന് ആനുപാതികമായല്ലാതെ ഫണ്ടനുവദിക്കുന്നതും ശബരിമല ഫണ്ടിനത്തിൽ ലഭ്യമായ ലക്ഷങ്ങൾ ചെലവഴിക്കാതെ ശേഷിക്കുന്നതും തുടർനടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് -ചെലവഴിക്കാതെ പലിശ രഹിത അക്കൗണ്ടിൽ സൂക്ഷിക്കുന്നത് 32.71 ലക്ഷം രൂപ

പട്ടികവർഗ്ഗ വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി വിവിധ നിർമ്മാണ പ്രവൃത്തികൾക്കായി 2016-17 വരെ ഗ്രാമപഞ്ചായത്തിനനുവദിച്ച തുകകൾ പത്തനംതിട്ട ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്കിന്റെ അത്തിക്കയം ശാഖയിലാണ് (കേരള ബാങ്ക്) നിക്ഷേപിച്ചിരുന്നത്( അക്കൗണ്ട് നം. 4053). ഈ അക്കൗണ്ടിൽ 3271592 രൂപ നീക്കിയിരിപ്പുണ്ട്. 30/01/2018-ന് ശേഷം ഈ അക്കൗണ്ടിൽ ഇടപാടുകൾ നടന്നിട്ടില്ല. കൂടാതെ പലിശയും ക്രെഡിറ്റ് ചെയ്തിട്ടില്ല. ചൊള്ളനാവയൽ പട്ടികവർഗ്ഗ കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന് ലഭിച്ച

18 ലക്ഷം രൂപ ഉൾപ്പടെയുള്ള തുക വർഷങ്ങളായി ഈ അക്കൗണ്ടിൽ ചെലവഴിക്കാതെ ശേഷിക്കുകയാണ്. പട്ടികവർഗ്ഗ കോളനികളിലെ വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച തുക സമയബന്ധിതമായി ചെലവഴിക്കാതിരുന്നതിനും മറ്റ് അപാകതകൾക്കും വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.34/20.11.23) മറുപടി ലഭ്യമാക്കിയില്ല. ഈ വിഷയത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-23 ഇല്ലാത്ത വിളക്കുകളുടെ വൈദ്യുത ചാർജ് അടയ്ക്കുന്നു

മീറ്റർ സ്ഥാപിക്കാത്ത തെരുവു വിളക്കുകളുടെ വൈദ്യുത ചാർജിനത്തിൽ പ്രതിമാസം 34777 രൂപയാണ് പഞ്ചായത്ത് അടവാക്കുന്നത്. മീറ്റർ സ്ഥാപിക്കാത്ത തെരുവു വിളക്കുകളുടെ വൈദ്യുത ചാർജിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.21/16.11.2023) നൽകിയതിന് കെഎസ്സ് ഇ ബിയിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കി. വിളക്കുകളുടെ ഇനം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| | Watt | എണ്ണം | നിരക്ക് | ആകെ തുക |
|---|---|---|---|---|
| സോഡിയം വേപ്പർ ലാമ്പ് | 250 | 1 | 552 | 552 |
| സി എഫ് എൽ ഓട്ടോമാറ്റിക് | 11 | 8 | 20 | 160 |
| ഓർഡിനറി | 40 | 21 | 82 | 1772 |
| ഫ്ളൂറസന്റ് ട്യൂബ് 2X40 | 40 | 18 | 82 | 1476 |
| ഫ്ളൂറസന്റ് ട്യൂബ് 1X40 | 40 | 141 | 82 | 11562 |
| LED 1X30 | 30 | 149 | 47 | 7003 |
| LED 1X20 | 20 | 149 | 28 | 4172 |
| LED 1X18 | 18 | 61 | 25 | 1525 |
| LED 1X35 | 35 | 8 | 48 | 384 |
| | | | | 28606 |

ഹാജരാക്കിയ കണക്കുകൾ പ്രകാരം 1146905006156 എന്ന കൺസ്യൂമർ നമ്പരിലുള്ള മീറ്റർ സ്ഥാപിക്കാത്ത തെരുവു വിളക്കുകളുടെ ആകെ വൈദ്യുത ചാർജ് 28606 രൂപയാണ്. എന്നാൽ 34777 രൂപയുടെ വൈദ്യുത ബില്ലാണ് കെ എസ്സ് ഇ ബിയിൽ നിന്നും ലഭ്യമാകുന്നതും പഞ്ചായത്ത് അടവാക്കുന്നതും. 6171 രൂപ അധികമായി ചെലവഴിക്കുന്നു. ഇല്ലാത്ത വിളക്കുകൾക്ക് വൈദ്യുത ചാർജ് അടവാക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്.

ആവശ്യമായ പരിശോധന നടത്തി പ്രവർത്തനക്ഷമമായ വിളക്കുകൾക്ക് മാത്രം വൈദ്യുത ചാർജ് അടയ്ക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം അധികമായി അടയ്ക്കുന്ന തുക സെക്രട്ടറിയുടെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നതാണ്. വിഷയം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-24 ഉപയോഗമില്ലാത്ത പൊതുടാപ്പുകൾക്ക് വെള്ളക്കരം അടയ്ക്കുന്നു

ഗ്രാമപഞ്ചായത്തിൽ നിലവിൽ 153 പൊതുകുടിവെള്ള ടാപ്പുകളാണ് ഉള്ളത്. ഓഡിറ്റ് വർഷം പ്രതിമാസം 73797/- രൂപ വീതമാണ് കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിക്ക് നൽകിയിരുന്നത്. വെള്ളക്കരത്തിന്റെ നിരക്ക് ടാപ്പൊന്നിന് പ്രതിവർഷം 5250 രൂപയിൽ നിന്ന് 14559 രൂപയായി ഉയർത്തിയതിനെത്തുടർന്ന് 3/2023 മുതൽ പ്രതിമാസ വെള്ളക്കരമായി അടയ്ക്കേണ്ടി വരുന്നത് 185627 രൂപയാണ്. നിലവിൽ വെള്ളക്കരത്തുക ഇരട്ടിയിലധികമായി വർദ്ധിച്ചിട്ടുണ്ട്. ഏഴ് ടാപ്പുകൾ മാത്രമാണ് നിലവിൽ ആവശ്യമുള്ളതെന്നും മറ്റുള്ളവ ഒഴിവാക്കുന്നതിന് വാട്ടർ അതോറിറ്റിയുമായിച്ചേർന്ന് സംയുക്ത പരിശോധന നടന്നു വരുന്നതായും സെക്രട്ടറി അറിയിച്ചു. നിലവിൽ 10, 12 വാർഡുകളിലെ പരിശോധനയാണ് പൂർത്തീകരിക്കാൻ അവശേഷിക്കുന്നത്. അവശേഷിക്കുന്ന വാർഡുകളിലെ പരിശോധന അടിയന്തിരമായി പൂർത്തീകരിക്കുന്നതിനും പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ വിച്ഛേദിക്കുന്നതിനുള്ള ഫീസ് അടവാക്കി ടാപ്പുകളുടെ എണ്ണം കുറവുചെയ്യുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. വികസനകാര്യ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-25 പരേതർക്കും ക്ഷേമപെൻഷൻ വിതരണം ചെയ്തു - പൊതു ഖജനാവിന് 7.17 ലക്ഷം രൂപയുടെ നഷ്ടം

പഞ്ചായത്തിൽനിന്നും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്ന ഗുണഭോക്താക്കൾ മരണപ്പെടുകയും, അവരുടെ മരണം

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്തതിനുശേഷവും ഇവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്ന കാര്യത്തിൽ വീഴ്ചയുണ്ടായതായി ഓഡിറ്റ് നടത്തിയ പരിശോധനയിൽ വ്യക്തമായി. പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും, ടിയാളുടെ മരണം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാരിൽതന്നെ റിപ്പോർട്ടു ചെയ്യപ്പെടുകയാണെങ്കിൽ റിപ്പോർട്ടു ചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ റദ്ദ് ചെയ്യേണ്ടതാണെന്നെന്ന് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ് (സർക്കുലർ നം.എസ്.എഫ്.സി.ബി/71/2017/ധന, തീ.22.09.2017). ഓഡിറ്റ് നടത്തിയ പരിശോധനയിൽ മരണപ്പെട്ട ചില പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ മാസങ്ങൾക്കുശേഷമോ, ചില സംഗതികളിൽ വർഷങ്ങൾക്കുശേഷമോ ആണ് സസ്പെന്റ് ചെയ്തിട്ടുള്ളതെന്ന് കണ്ടു. മരണപ്പെട്ടവരുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നതിലുണ്ടായിട്ടുള്ള വീഴ്ചമൂലം ഇവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിലേക്ക് മരണശേഷവും പെൻഷൻ ക്രഡിറ്റ് ചെയ്യപ്പെടുകയും, അത് മരണപ്പെട്ടവരുടെ അനന്തരാവകാശികൾ കൈപ്പറ്റാൻ സാഹചര്യം സൃഷ്ടിക്കുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, വിലാസം | പെൻഷൻ ID/പെൻഷൻ ഇനം | മരണപ്പെട്ട തീയതി<br>മരണ രജിസ്ട്രേഷൻ നമ്പർ, തീയതി | പെൻഷൻ സസ്പെന്റ് ചെയ്ത തീയതി | ഗുണഭോക്താവിന്റെ മരണശേഷം അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത തുക | അനർഹമായ കാലയളവ്<br>കാലയളവ് |
|---|---|---|---|---|---|---|
| 1 | സി ജി കമലാസനൻ<br>S/O സി കെ ഗംഗാധരൻ,10/122, ചെറിയമുഴിക്കൽ, അടിച്ചിപ്പുഴ P. O | 104040201589 | 31/01/2022<br>14/2022<br>17/02/2022 | 13/11/2023 | 27200 | 02/2022 - 06/2023 |
| 2 | ബേബി എബ്രഹാം<br>1/145,കളീയ്ക്കൽ വീട്, ആർ-പെരുനാട്, കുടമരുട്ടി P. O, 689711 | 104040200658 | 14/01/2022<br>11/2022<br>10/02/2022 | 13/11/2023 | 27200 | 02/2022 - 06/2023 |
| 3 | ജോർജ്ജ്<br>6/144 , കണ്ണാത്ത് വീട് , കൊച്ചുകുളം , കുടമരുട്ടി-689711 | 104040200623 | 30/09/2021<br>6/2022<br>10/01/2022 | 13/11/2023 | 12600 | 10/2021 - 06/2023 |
| 4 | പൊടിയമ്മ ഇ എം<br>3/0 , കൊച്ചുപ്ലാക്കൽമടന്തമൺ, നാറാണംമുഴി-689711 | 104040600044 | 26/10/2022<br>119/2022<br>30/11/2022 | 13/11/2023 | 8000 | 11/2022 - 03/2023 |
| 5 | ശമുവേൽ ജോയി<br>2/451 , കോട്ടയ്ക്കൽ വീട്, വലിയപതാൽ , തോമ്പിക്കണ്ടം-689676 | 104040201338 | 25/08/2021<br>76/2021<br>24/09/2021 | 13/11/2023 | 35200 | 09/2021 - 06/2023 |
| 6 | ജോസഫ്<br>4/214A , കോട്ടായിൽ, കട്ടമീൻചിറ, നാറാണംമുഴി-689711 | 104040201206 | 11/09/2021<br>95/2021<br>12/11/2021 | 13/11/2023 | 33600 | 10/2021 - 06/2023 |
| 7 | സരസമ്മ<br>10/236 , കുന്നേൽ, ചൊള്ളനാവയൽ , നാറാണംമുഴി-689711 | 104040600649 | 27/12/2021<br>51/2022<br>25/03/2022 | 13/11/2023 | 28800 | 01/2022 - 06/2023 |
| 8 | ശലോമി ജോർജ്ജ്<br>12/325,കുറ്റിപ്ലാക്കൽ, കക്കുടുമൺ, നീരാറ്റുകാവ്,കക്കുടുമൺ P. O | 104040200986 | 30/09/2021<br>103/2021<br>23/11/2021 | 27/07/2023 | 30400 | 10/2021 - 06/2023 |
| 9 | ജോസഫ് ജോർജ്ജ്<br>12/254,കുറ്റിപ്ലാക്കൽ, കക്കുടുമൺ P. O, 689711 | 104040200588 | 14/11/2022<br>115/2022<br>29/11/2022 | 27/07/2023 | 8000 | 12/2022<br>04/2023 |
| 10 | തങ്കപ്പൻ<br>10/75 , മാംകൂട്ടത്തിൽ , അലിമുക്ക് , അടിച്ചിപ്പുഴ-689711 | 104040200119 | 13/09/2021<br>05/10/2021<br>82/2021 | 13/11/2023 | 33600 | 10/2021 - 06/2023 |

| | | | | | | |
|---|---|---|---|---|---|---|
| 11 | ഏലി പി സി<br>4/230 , മണിമലക്കുന്നേൽ , ചെമ്പനോലി , നാറാണംമൂഴി , കുന്നം വെച്ചൂച്ചിറ-686511 | 104040600272 | 20/03/2021<br>15/04/2021<br>31/2021 | 13/11/2023 | 43200 | 04/2021 - 06/2023 |
| 12 | ഗ്രേസിക്കുട്ടി വർഗീസ്<br>7/211,മാരേട്ട് വീട്,നാറാണംമൂഴി, ആർ-പെരുനാട്, നാറാണംമൂഴി P. O, 689711 | 104040200540 | 18.04.2022<br>1924/2022<br>29.04.2022 | 11/01/2023 | 8000 | 05/2022<br>09/2022 |
| 13 | സുമതി പുരുഷോത്തമൻ<br>6/470 , മുണ്ടക്കൽ, കുടമരുട്ടി-689711 | 104040600383 | 06/02/2023<br>13/02/2023<br>22/2023 | 13/11/2023 | 4700 | 03/2023 - 06/2023 |
| 14 | കൊച്ചുകുഞ്ഞ്<br>2/93,മുരുപ്പേൽ വീട്,തോമ്പിക്കണ്ടം, വലിയപതാൽ, തോമ്പിക്കണ്ടം P. O, 689676 | 104040200548 | 28/04/2022<br>61/2022<br>17/05/2022 | 05/08/2023 | 11200 | 05/2022<br>09/2022 |
| 15 | മോന വി മർക്കോസ്<br>3/325 , പാറയ്ക്കൽ, മടന്തമൺ നാറാണംമൂഴി-689711 | 104040201295 | 02.02.2021<br>574/2021<br>08.02.2021 | 13.11.2023 | 44700 | 03/2021 - 06/2023 |
| 16 | മറിയാമ്മ<br>7/146 , പതാക്ക് തോണിക്കടവ് , കുടമരുട്ടി-689711 | 104040200581 | 25/02/2020<br>27/2020<br>09/07/2020 | 13/11/2023 | 62700 | 03/2020 - 06/2023 |
| 17 | ജോൺ പി.ജെ.<br>2/296 , പൊടിപ്പാറ വലി യപതാൽ , തോമ്പിക്കണ്ടം-689676 | 104040201418 | 09/11/2022<br>166/2022<br>30/11/2022 | 13/11/2023 | 11200 | 12/2022 - 06/2023 |
| 18 | ജഗദമ്മ<br>9/410 , പുലിപ്പാറതടത്തിൽ, മോതിരവയൽ , നാറാണംമൂഴി , അടിച്ചിപ്പുഴ-689711 | 104040600277 | 04.08.2022<br>14.08.2022<br>3818/2022 | 13/11/2023 | 16000 | 09/2022 - 06/2023 |
| 19 | പി കെ ശ്രീധരൻ<br>11/481 , പുലിപ്പാറതടത്തിൽ വീട്, കച്ചേരിത്തടം , അടിച്ചിപ്പുഴ-689711 | 104040200287 | 28/09/2021<br>29/10/2021<br>91/2021 | 13/11/2023 | 33600 | 10/2021 - 06/2023 |
| 20 | പാലൻ കുഞ്ഞുകുട്ടി<br>2/253 , തടിയിൽ വീട് തോമ്പിക്കണ്ടം-689676 | 104040201172 | 22/06/2021<br>119/2021<br>06/07/2021 | 13/11/2023 | 38400 | 07/2021 - 06/2023S |
| 21 | അന്നമ്മ<br>2/92 , തോപ്രത്ത്, ഇടമുറി, തോമ്പിക്കണ്ടം-689676 | 104040600546 | 06/07/2021<br>25/08/2021<br>62/2021 | 13/11/2023 | 36800 | 08/2021 - 06/2023 |
| 22 | ജോസഫ് മത്തായി<br>7/419 , വളവനാൽ വീട്, ചേന്നംപാറ , നാറാണംമൂഴി-689711 | 104040200981 | 11/10/2021<br>106/2021<br>26/11/2021 | 13/11/2023 | 32000 | 11/2021 - 06/2023 |
| 23 | വി. ഡി. സോമൻ<br>1/50 , വാലുമണ്ണിൽ തോമ്പിക്കണ്ടം-689676 | 104040201556 | 22/03/2021<br>30/2021<br>07/04/2021 | 13/11/2023 | 43200 | 04/2021 - 06/2023 |

| | | | | | | |
|---|---|---|---|---|---|---|
| 24 | സരോജിനി<br>3/325 , വാഴമേപ്പുത്ത്<br>മടന്തമൺ ,<br>നാറാണംമൂഴി-689711 | 104040200934 | 30/03/2021<br>40/2021<br>24/05/2021 | 13/11/2023 | 43200 | 04/2021 - 06/2023 |
| 25 | തങ്കമ്മ ഗോപാലൻ<br>5/102,വാഴയിൽ<br>നാറാണംമൂഴി,<br>കടമരുട്ടി P. O, 689711 | 104040200103 | 15/11/2021<br>1/2022<br>06/01/2022 | 13/11/2023 | 30400 | 12/2021 - 06/2023 |
| 26 | അന്നമ്മ ജോയ്<br>3/466 , വെള്ളാട്ടേത്ത് ,<br>അത്തിക്കയം,<br>നാറാണംമൂഴി-689711 | 104040200073 | 20/10/2022<br>108/2022<br>22/11/2022 | 13/11/2023 | 12800 | 11/2022 - 06/2023 |
| | ആകെ | | | | 716700 | |

മരണപ്പെടുന്ന ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിലുണ്ടായിട്ടുള്ള വീഴ്ചയാണ് മേൽ പറഞ്ഞ നഷ്ടത്തിന് ഇടയാക്കിയിട്ടുള്ളത്.

പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷണർമാരുടെ വിവരങ്ങൾ മാത്രമാണ് ഓഡിറ്റിൽ ഒത്തുനോക്കി പരിശോധിക്കാൻ സാധിച്ചിട്ടുള്ളത്. പഞ്ചായത്ത് പരിധിക്ക് വെളിയിൽ മരണം സംഭവിച്ചിട്ടുള്ള എത്ര പെൻഷൻകാർക്ക് തുടർന്നും പെൻഷൻ വിതരണം ചെയ്യപ്പെട്ടുവെന്ന് പരിശോധിച്ച് നിശ്ചയം വരുത്താൻ സാധിച്ചിട്ടില്ല. പെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ.(എം.എസ്)നം.97/2020/ധന. തീ.23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള സത്വര നടപടി പഞ്ചാത്ത് സ്വീകരിക്കണം. കൂടാതെ അങ്കണവാടി/ആശാവർക്കർമാരുടെ സേവനം പ്രയോജനപ്പെടുത്തി ഫീൽഡ് പരിശോധനയിലൂടെ ക്ഷേമ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട മരണപ്പെട്ടവരെയും അനർഹരെയും കണ്ടെത്തി ഒഴിവാക്കുന്നതിനും നടപടിയുണ്ടാകണം.

മരണപ്പെടുന്നവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽനിന്നും ഈടാക്കുന്നതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ് (05.11.2020-ലെ സർക്കുലർ നം.67/2020/ധന.). പരേതരുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യാതിരുന്നതിലൂടെ സർക്കാരിന്റെ ഖജനാവിന് നഷ്ടം വരുത്തിയതിന് ബന്ധപ്പെട്ടവർ വിശദീകരണം ലഭ്യമാക്കണം.
അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.30/17.11.23) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ, മരണപ്പെട്ട 26 ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ള തുകകൾ തിരികെ ഈടാക്കുന്നതിന് ബാങ്കുകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. അനർഹമായി കൈപ്പറ്റിയ തുക ഗുണഭോക്താക്കളുടെ അനന്തരാവകാശികളിൽനിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 എട്ടര ലക്ഷം മുടക്കി നവീകരിച്ച സ്കൂൾ കെട്ടിടത്തിന് ചോർച്ച

പ്രോജക്ട് നം. 44/23

അടങ്കൽ - 920000

കരാറുകാരൻ - ശ്രീ സതികുമാർ കെ.എസ്.

കരാർ നം., തീ. - 13/22-23, Dtd. 06/03/2023

ചെലവ് - 851180

ബിൽ നം., തീ. - 220511000000008120/25.03.23

2022-23-ൽ വൻതുക മുടക്കി മെയിന്റനൻസ് നടത്തിയ കുടമുരുട്ടി സ്കൂൾ കെട്ടിടത്തിന് ചോർച്ച. കെട്ടിടത്തിന്റെ ചോർച്ച മാറ്റുന്നതിനു വേണ്ടിയാണ് പ്രധാനമായും ഈ പ്രവൃത്തി നടത്തിയത്. എന്നാൽ മെയിന്റനൻസ് പണികൾ പൂർത്തിയാക്കി കരാറുകാരൻ ബിൽ തുക കൈപ്പറ്റിയതിനു പിന്നാലെ, പുതിയതായി നിർമ്മിച്ച മേൽക്കൂര പല ഇടങ്ങളിലായി ചോരുന്നു. ഇതു മൂലം സ്റ്റാഫ് റൂമിന്റെയും, ക്ലാസ് റൂമുകളുടെയും പ്രവർത്തനം അവതാളത്തിലാണെന്ന് സ്കൂളിന്റെ ചുമതലയുള്ള പ്രഥമ അധ്യാപിക ഓഡിറ്റിനെ അറിയിച്ചു.

റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 12 ലക്ഷം രൂപ വകയിരുത്തിയാണ് പദ്ധതി ആവിഷ്കരിച്ചത്. എസ്റ്റിമേറ്റ് തുക 920000 രൂപയായിരുന്നു. പ്രവൃത്തി ടെണ്ടർ ചെയ്തതിൽ 24.97% കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ സതികുമാർ കെ.എസ്. എന്ന കരാറുകാരനാണ് കരാർ ലഭിച്ചത്. 29/12/2022ൽ എഗ്രിമെന്റ് വെച്ച ഈ പ്രവൃത്തി (എഗ്രി.നം.13/22-23) കരാറുകാരൻ 06-03-2023-ൽ പൂർത്തിയാക്കിയിട്ടുണ്ട്. ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ 851180.00 രൂപയുടെ പ്രവൃത്തി നടത്തി. കെട്ടിടത്തിന്റെ മേൽക്കൂര പൂർണ്ണമായി പൊളിച്ചു നീക്കി പുതിയ കഴുക്കോലും പട്ടികയും ഉറപ്പിച്ച് ഓട് ഇടുകയും, പി.വി.സി. സീലിംഗ് പ്രവൃത്തി നടത്തുകയുമാണ് പ്രധാനമായും ചെയ്തിട്ടുള്ളത്. പുതിയതായി കഴുക്കോലും, പട്ടികയും ഉറപ്പിക്കുന്നതിന് 498243 രൂപയാണ് കരാറുകാരൻ കൈപ്പറ്റിയത്. ഇപ്രകാരം വൻതുക മുടക്കി പൂർണ്ണമായി പുനർനിർമ്മിച്ച മേൽക്കൂരയ്ക്കാണ് വലിയ തോതിൽ ചോർച്ചയുള്ളത്. നിർമ്മാണത്തിലെ അപാകതയാണ് ചോർച്ചയ്ക്ക് കാരണമെന്നാണ് മനസ്സിലാകുന്നത്.

പ്രവൃത്തിയുടെ സംരക്ഷണ കാലയളവിനുള്ളിൽ (Defect Liability Period) ഉണ്ടാകുന്ന ഏതൊരു അപാകതയും കരാറുകാരന്റെ ഉത്തരവാദിത്തത്തിൽ പരിഹരിക്കുന്നതിന് എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കരാറുകാരന്റെ ഉത്തരവാദിത്തത്തിൽ അപാകത പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവർ നടപടി സ്വീകരിച്ചിട്ടില്ല.

അപാതകയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.35/18.11.23) അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ, അപാകത ബോധ്യപ്പെട്ടതായും, അടിയന്തിരമായി അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കി. അപാകത പൂർണ്ണമായും പരിഹരിച്ച ഭരണസമിതിയെ ബോധ്യപ്പെടുത്തിയതിനുശേഷം മാത്രമേ കരാറുകാരന്റെ ജാമ്യനിക്ഷേപം മടക്കി നൽകുകയുള്ളുവെന്നും അറിയിച്ചു.

ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. അപാകത പരിഹരിക്കന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. പ്രോജക്ടിന് ചെലവഴിച്ച തുക (₹851180) തടസ്സത്തിൽ വയ്ക്കുന്നു. അപാകത പരിഹരിച്ച് വിവരം അറിയിക്കുന്ന മുറയ്ക്ക് തടസ്സവാദം ഒഴിവാക്കുന്നതാണ്.

## 1-27 കുടമുരുട്ടി സ്കൂൾ കെട്ടിടം മെയിൻറനൻസ് - പൊളിച്ചുമാറ്റിയ തടി ഉരുപ്പടികൾ കൈയ്യൊഴിച്ചില്ല

2022-23-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.44/23 പ്രകാരം നടപ്പാക്കിയ കുടമുരുട്ടി സ്കൂൾ കെട്ടിടം മെയിന്റനൻസ് പ്രവൃത്തിയുടെ ഭാഗമായി പൊളിച്ചു നീക്കിയ തടി ഉരുപ്പടികൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയില്ല. റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 12 ലക്ഷം രൂപ വകയിരുത്തിയാണ് പദ്ധതി ആവിഷ്കരിച്ചത്. എസ്റ്റിമേറ്റ് തുക 920000 രൂപയായിരുന്നു. പ്രവൃത്തി ടെണ്ടർ ചെയ്തതിൽ 24.97% കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ സതികുമാർ കെ.എസ്. എന്ന കരാറുകാരനാണ് കരാർ ലഭിച്ചത്. 29/12/2022ൽ എഗ്രിമെന്റ് വെച്ച ഈ പ്രവൃത്തി (എഗ്രി.നം.13/22-23) കരാറുകാരൻ 06-03-2023-ൽ പൂർത്തിയാക്കിയിട്ടുണ്ട്. ഫൈനൽ ബിൽ പ്രകാരം കരാറുകാരൻ 851180.00 രൂപയുടെ പ്രവൃത്തി നടത്തി.

കെട്ടിടത്തിന്റെ മേൽക്കൂര പൂർണ്ണമായി പൊളിച്ചു നീക്കി പുതിയ കഴുക്കോലും പട്ടികയും ഉറപ്പിച്ച് ഓട് ഇടുകയും, പി.വി.സി. സീലിംഗ് പ്രവൃത്തി നടത്തുകയുമാണ് പ്രധാനമായും ചെയ്തിട്ടുള്ളത്. പുതിയതായി കഴുക്കോലും, പട്ടികയും ഉറപ്പിക്കുന്നതിന് യഥാക്രമം 220220.27 രൂപയും, 202019.24 രൂപയും അതിന്റെ 18% ജി.എസ്.ടി.യുമാണ് കരാറുകാരന് നൽകിയിട്ടുള്ളത്. എസ്റ്റിമേറ്റിലെ ആദ്യ രണ്ട് ഇനങ്ങൾ സ്കൂൾ കെട്ടിടത്തിന്റെ മേൽക്കൂര പൊളിച്ചു നീക്കുന്നതിനുള്ളതായിരുന്നു. ഇനം 1 പ്രകാരം 472.240sqm മേൽക്കൂര പൊളിച്ചു നീക്കുന്നതിന് 65.38/sqm നിരക്കിൽ 30809.67 രൂപയും, ഇനം 2 പ്രകാരം 1.642cum മേൽക്കൂരയിലെ തടി ഉരുപ്പടികൾ ഇളക്കി മാറ്റുന്നതിന് 3987.81/cum നിരക്കിൽ 6547.98 രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. ഈ ഇനങ്ങൾക്ക് അനുവദിച്ചിട്ടുള്ള നിരക്കിൽ പൊളിച്ചു നീക്കിയ സാധനങ്ങൾ 50 മീറ്റർ ദൂരത്തിൽകൊണ്ടുപോയി അട്ടിവയ്ക്കുന്നതിനുള്ള ചെലവും ഉൾപ്പെടുന്നു. എന്നാൽ ഇപ്രകാരം പൊളിച്ച് നീക്കി അട്ടിവെച്ച തടി ഉരുപ്പടികളുടെ സർവ്വേ റിപ്പോർട്ട് തയ്യാറാക്കുകയോ, പരസ്യ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുകയോ ചെയ്തിട്ടില്ല. മരാമത്ത് പ്രവൃത്തിയുടെ ഭാഗമായി പൊളിച്ച് നീക്കുന്നതും പുനരുപയോഗിക്കാവുന്നതുമായ (Serviceable Materials) സാധനങ്ങളുടെ സർവ്വേ റിപ്പോർട്ട് തയ്യാറാക്കി മൂല്യം നിർണ്ണയം നടത്തി പരസ്യ ലേലം ചെയ്ത് കൈയ്യൊഴിക്കേണ്ടത് പ്രവൃത്തിയുടെ നിർവ്വഹണ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ ഉത്തരവാദിത്തമാണ്. ഇക്കാര്യത്തിൽ വീഴ്ചയുണ്ടായി.

അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32/17.11.23) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയില്ല. പൊളിച്ചു നീക്കിയ തടി ഉരുപ്പടികളുടെ സർവ്വേ റിപ്പോർട്ട് തയ്യാറാക്കി ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-28 റീകോൺക്രീറ്റിംഗിന് അധിക നിരക്ക് അനുവദിച്ച ഇനത്തിൽ 36706 രൂപയുടെ നഷ്ടം

ഓഡിറ്റ് വർഷം നടപ്പിലാക്കിയ റോഡ് റീകോൺക്രീറ്റിംഗ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ

റീകോൺക്രീറ്റിംഗിന് ഫോംവർക്ക് ഉൾപ്പെടുന്ന ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കാരണം ഒഴിവാക്കാമായിരുന്ന അധിക ചെലവ് ഉണ്ടായിട്ടുള്ളതായി കണ്ടു. നിലവിലുള്ള കോൺക്രീറ്റ് റോഡുകൾ പോട്ട്ഹോൾ ഫില്ലിംഗ് നടത്തി 5 സെ.മീറ്റർ മുതൽ 7.5 സെ.മീറ്റർ കനത്തിൽ റീകോൺക്രീറ്റിംഗ് നടത്തുന്നതിന് DSR കോഡ് 75.8.1.1.A പ്രകാരമുള്ള ഫോംവർക്ക് ഉൾപ്പെടാത്ത സ്പെസിഫിക്കഷനാണ് അവലംബിക്കേണ്ടത്. എന്നാൽ ഇവിടെ 75.8.1.1 പ്രകാരമുള്ള സ്പെസിഫിക്കേഷൻ പ്രകാരമാണ് റീകോൺക്രീറ്റിംഗ് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. ഇതിന് അനുവദിച്ച നിരക്കിൽ ഫോംവർക്കിനുള്ള 4% തുക കൂടി ഉൾപ്പെടുന്നു. ഇപ്രകാരം തെറ്റായ സ്പെസിഫിക്കേഷൻ അവലംബിച്ചതുമൂലം സർക്കാർ ഫണ്ടിന് 36706 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ഇനം നം. | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി കരാറുകാരന് അനുവദിച്ചത് (DSR 75.8.1.1) | അനുവദനീയമായ നിരക്ക് (DSR 75.8.1.1.A) | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | അരയേക്കർ കോളനി റോഡ്റോഡ് പുനരുദ്ധാരണം (201/23)<br>അടങ്കൽ - 400000<br>കരാറുകാരൻ - ശ്രീ പ്രസാദ് കെ.എൻ<br>കരാർ നം. 24/22-23<br>ചെലവ് - 392456<br>ബിൽ നം., തീ. - 2205115200290135 1334<br>15.03.23<br>Tender Variation @ 0.00000% | 2 | 36.675<br>@8400.78<br>308098.61 | 36.675<br>@ 8077.68<br>308098.61 | 11849.69 |
| 2 | ഉന്നത്താനി സ്വാമി പടി റോഡ് പുനരുദ്ധാരണം<br>(195/23)<br>അടങ്കൽ - 300000<br>കരാറുകാരൻ - ശ്രീ ജബ്ബ കുര്യൻ<br>കരാർ നം. - 17/22-23<br>ചെലവ് - 293978<br>ബിൽ നം. തീ.22051152002901436327<br>22/03/23<br>Tender Variation @ -0.01000% | 1 | 29.66<br>@8400.78<br>249158.73 | 29.66<br>@8077.68<br>239583.99 | 9574.74s |
| 3 | വാഴക്കാലാ പടി കക്കട്ടുമൺ റോഡ് പുനരുദ്ധാരണം (196/23)<br>അടങ്കൽ -400000<br>കരാറുകാരൻ - ശ്രീ ഷിബിൻ രാജ്<br>കരാർ നം.39/22-23<br>ചെലവ് - 398203<br>ബിൽ നം., തീ. 22051152002901549664<br>29/03/2023<br>Tender Variation @ 0.00000% | 2 | 15.03<br>@8400.78<br>126272.12 | 15.03<br>@8077.68<br>121407.5304 | 4864.59 |
| 4 | നിരപ്പ് പാറ ചൊള്ളനാവയൽ റോഡ് പുനരുദ്ധാരണം (212/23)<br>അടങ്കൽ - 300000<br>കരാറുകാരൻ - ശ്രീ ബിനോയ് മുരളീധരൻ<br>കരാർ നം. - 35/22-23<br>ചെലവ് - 299604<br>ബിൽ നം., തീ. 22051152002901457713<br>23/03/2023<br>Tender Variation @ 0.00000% | 2 | 29.25<br>@8400.78<br>245722.82 | 29.25<br>@8077.68<br>236272.14 | 9450.68 |

| | | | | | |
|---|---|---|---|---|---|
| 5 | ബെന്നി പടി വീശുപാള പടി റോഡ് പുനരുദ്ധാരണം (198/23)<br>അടങ്കൽ - 350000<br>കരാറുകാരൻ - ശ്രീ ഷിബിൻ രാജ്<br>കരാർ നം. - 26/22-23<br>ചെലവ് - 349201<br>ബിൽ നം., തീ. - 22051152002901351327<br>15/03/2023<br>Tender Variation @ -0.10000% | 2 | 32.625<br>@8400.78<br>274075.45 | 32.625<br>@8077.68<br>263534.31 | 10541.14 |
| | | | | | |
| | ആകെ | | | | 36706.1 |

മേൽ കാണിച്ചിരിക്കുന്ന പ്രകാരമുള്ള 36706 രൂപയുടെ അധിക ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/16.11.2023) അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ, റാന്നി ബ്ലോക്കിൽ പരക്കെ അവലംബിച്ച Mord സ്പെസിഫിക്കേഷനിൽ ഉള്ള ഐറ്റം ഉൾപ്പെടുത്തിയാണ് ടി പ്രവൃത്തികൾ ചെയ്തിട്ടുള്ളതെന്നും, എന്നാൽ പല സ്ഥലങ്ങളിലും ഫോംവർക്ക് ചെയ്യാൻ സാധിച്ചിട്ടില്ലെന്നും വിശദീകരിച്ചു. പ്രവൃത്തികൾക്ക് അധികം നൽകിയ തുക കരാറുകാരിൽനിന്നും താമസംവിനാ ഈടാക്കി പഞ്ചായത്തിൽ ഒടുക്കി രസീതി ഹാജരാക്കുന്നതാണെന്നും അറിയിച്ചു. തുക ഈടാക്കി പഞ്ചായത്തിൽ ഒടുക്കി രസീതി ഹാജരാക്കാത്ത പക്ഷം ഖണ്ഡിക പ്രകാരം നിരാകരിച്ച തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറുടെ വ്യക്തിപരമായ ബാധ്യതയായി നിർണ്ണയിച്ച് സർചാർജ്ജ് നടപടി സ്വീകരിക്കുന്നതാണ്.

## 1-29 എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകം; 13816 രൂപയുടെ ഒഴിവാക്കാമായിരുന്ന അധിക ചെലവ്

2022-23-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി റോഡ് മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി നടപ്പിലാക്കിയ തോണിക്കടവ് പതാക്ക് റോഡ് കോൺക്രീറ്റിംഗ് (106/23) എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ റീകോൺക്രീറ്റിംഗ് നടത്തിയതിന് ഫോംവർക്ക് ഉൾപ്പെടുന്ന ഇനം അവലംബിച്ചതുമൂലം കരാറുകാരന് അധികം പ്രതിഫലം നൽകിയിട്ടുള്ളതായി കണ്ടു. റോഡ് റീകോൺക്രീറ്റിംഗ് നടത്തുന്ന സംഗതിയിൽ DSR Code 75.8.1.1.Aപ്രകാരമുള്ള സ്പെസിഫിക്കേഷനാണ് അവലംബിക്കേണ്ടത്. എന്നാൽ ടി പ്രവൃത്തിയുടെ ഭാഗമായി റീകോൺക്രീറ്റിംഗ് നടത്തുന്നതിന് DSR Code 75.8.1 പ്രകാരമുള്ള സ്പെസിഫിക്കേഷനാണ് അവലംബിച്ചിട്ടുള്ളത്. ഉയർന്ന നിരക്കുള്ള സ്പെസിഫിക്കേഷൻ റീകോൺക്രീറ്റിംഗ് പ്രവൃത്തിക്ക് അവലംബിച്ചതു മൂലം ചുവടെ ചേർക്കും പ്രകാരം **3094** രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്.

കരാറുകാരൻ - ശ്രീ ഷിബിൻ രാജ്

അടങ്കൽ - 150000

കരാർ നം. - 19/AE/LSGD/NRMDATED 17-01-2023

ചെലവ് - 149669.00

ബിൽ നം., തീ. - 2051152002901474001/28.3.2023

**Item No.1.001 - Reconcreting**

| എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പണി നടത്തിയത് | | | | | അനുവദനീയമായത് | | | | |
|---|---|---|---|---|---|---|---|---|---|
| **75.8.1** - Providing Plain Cement Concrete For Road Work CC 1:2:4 (1 Cement: 2 Fine Aggregate: 4 Course Aggregate) Laid To Required Slope And Camber In Panels (@ 3 M C/c) As Required Including Compaction, Finishing And Tamping Etc .Complete. Max. Size Of Course Aggregate Not Exceeding 25mm, Mixed In Concrete Mixer Etc Complete As Per Specification (I) Nominal Mix (1:2:4) | | | | | **75.8.1.1.A** - Providing Plain Cement Concrete For Wearing Coat CC 1:2:4 (1 Cement: 2 Fine Aggregate:4 Course Aggregate) Laid To Required Slope As Required Including Compaction, Finishing And Tamping Etc. Complete. Max. Size Of Course Aggregate Not Exceeding 25mm, Mixed In Concrete Mixer Etc Complete As Per Specification<br>(I) Nominal Mix (1:2:4) | | | | |
| 1 | 62.00 | 3.00 | 0.050 | 9.300 | 1 | 62.00 | 3.00 | 0.050 | 9.300 |

| | |
|---|---|
| 9.300 @ 8410.37 = 78216.44 | 9.300 @8077.68 = 75122.42 |
| **അധിക ചെലവ് - 78216.44 - 8077.68 = 3094** | |

തൻവർഷം നടപ്പിലാക്കിയ ആഞ്ഞിലിമുക്ക് കൊച്ചുകുളം റോഡ് കോൺക്രീറ്റ് (103/23) എന്ന പ്രവൃത്തിയുടെ കാര്യത്തിലും മേൽ പറഞ്ഞതുപോലെ തെറ്റായ സ്പെസിഫിക്കേഷൻ അവലംബിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയത്. പ്രവൃത്തിയുടെ ഇനം 1 പ്രകാരം പോട്ട് ഹോൾ ഫില്ലിംഗ് നടത്തുന്നതിനും, ഇനം.2 പ്രകാരം 7.5 സെ.മീ. കനത്തിൽ റീകോൺക്രീറ്റിംഗ് നടത്തുന്നതിനുമായിരുന്ന എസ്റ്റിമേറ്റിൽ പ്രോവിഷൻ നൽകിയിരുന്നത്. റീകോൺക്രീറ്റിംഗിന് DSR Code 75.8.1 പ്രകാരമുള്ള സ്പെസിഫിക്കേഷനാണ് അവലംബിച്ചത്. കൂടാതെ പോട്ട് ഹോൾ ഫില്ലിംഗിനും തൻ വർഷം പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ള ഇതര റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ അവലംബിച്ചിട്ടുള്ള സ്പെസിഫിക്കേഷനല്ല അവലംബിച്ചിട്ടുള്ളത്. മറ്റ് പ്രവൃത്തികളുടെ സംഗതിയിൽ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കിയാണ് ഈ ഇനം പ്രവൃത്തി നടത്തിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിയുടെ കാര്യത്തിൽ DSR Code 11.4.1.1 പ്രകാരമുള്ള സ്പെസിഫിക്കേഷനാണ് അവലംബിച്ചിച്ചത്. ഈ ഇനത്തിലും അധിക ചെലവുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരം | ഇനം നം./DSR CODE | എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി കരാറുകാരന് അനുവദിച്ചത് | അനുവദനീയമായ നിരക്ക് | അധികം നൽകിയത് |
|---|---|---|---|---|
| ആഞ്ഞിലിമുക്ക് കൊച്ചുകുളം റോഡ് കോൺക്രീറ്റ് (103/23)<br>അടങ്കൽ - 300000<br>കരാറുകാരൻ - ശ്രീ ബിനോയ് മുരളീധരൻ<br>കരാർ നം. 35/22-23<br>ചെലവ് - 299604<br>ബിൽ നം., തീ. - 22051152002901457713<br>23.03.23<br>Tender Variation @ -19.30000% | 1<br>(11.4.1.1) | 12.455<br>@7890.54<br>98276.68 | 12.455<br>@7587.04<br>94496.58 | 3780.1 |
| | 2<br>(75.8.1) | 28.574<br>@8410.37<br>240317.91 | 28.574<br>@8077.68<br>230811.63 | 9506.28 |
| ആകെ | | | | 13286.38 |
| കുറയ്ക്കുക – 19.30% ടെണ്ടർ വ്യതിയാനം | | | | 2564.27 |
| അറ്റ തുക | | | | 10722.11 |

മേൽ പറഞ്ഞ രണ്ട് മരാമത്ത് പ്രവൃത്തികൾക്ക് തെറ്റായ സ്പെസിഫിക്കേഷൻ അവലംബിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയതുമൂലം 13816 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട് **(3094+10722).** അധിക ചെലവ് ഓഡിറ്റിൽ നിരാകരിച്ച് അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി ചുമത്തുന്നു.

മേൽ അപാകത ചൂണ്ടികാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.24/16.11.23, 27/16.11.23) അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ, കരാറുകാർക്ക് അധികമായി നൽകിയ തുക താമസംവിനാ തിരികെ ഈടാക്കുന്നതും, പഞ്ചായത്തിൽ ഒടുക്കി രസീതി ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു.

## 1-30 ചട്ടവിരുദ്ധമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നു

2022-23 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ പ്രവൃത്തികൾ ഭാഗികമായി/പരിപൂർണ്ണമായി പൂർത്തിയായതിനു ശേഷമോ, പി.ഡബ്ല്യു.ഡി. മാന്വൽ, പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ എന്നിവയിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഒരു നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുമ്പോൾ ഒറിജിനൽ പ്രോജക്റ്റിൽ വിഭാവനം ചെയ്ത ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കുകയോ, കൂട്ടിചേർക്കുകയോ, മാറ്റം വരുത്തുകയോ ചെയ്യേണ്ടിവരുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ പ്രവൃത്തിയുടെ ഭേദഗതി ചെയ്ത എസ്റ്റിമേറ്റിന് (Revised Estimate) കാലതാമസം കൂടാതെ സാങ്കേതികാനുമതി തേടേണ്ടതാണ്. പ്രവൃത്തി പൂർത്തിയാക്കിയ ശേഷമോ നിർവ്വഹണത്തിൽ

വളരെയേറെ പുരോഗതി ഉണ്ടായതിനുശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി നൽകാൻ പാടില്ല. എന്നാൽ ചുവടെ ചേർക്കുന്ന പ്രോജക്റ്റുകളുടെ കാര്യത്തിൽ പണി പൂർത്തിയാക്കിയതിനുശേഷമാണ് റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമായി.

| ക്രമ നം | പ്രോജക്റ്റിന്റെ വിവരം | പ്രവൃത്തി പൂർത്തിയാക്കിയ തീയതി | റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയ തീയതി | റിവൈസ്ഡ് സാങ്കേതികാനുമതി ലഭിച്ച തീയതി | ബിൽ തുക നൽകിയ തീയതി |
|---|---|---|---|---|---|
| 1 | 142/23 - തോമ്പിക്കണ്ടം അംഗനവാടി ഷീറ്റ് ഇടൽ<br>അടങ്കൽ - 200000<br>കരാറുകാരൻ - ശ്രീ ജമ്പു കുര്യൻ<br>കരാർ നം. തീ. - 49/21-22, 23.03.22<br>ചെലവ് - 138124 | 15/10/22 | 11/10/22 | 24/11/22 | 20/01/23 |
| 2 | 144/23 -അടിച്ചിപ്പുഴ പി എച്ച് സബ്സെൻറർ മെയിൻറനൻസ് ടോയ്ലറ്റ് നിർമ്മാണം പ്ളംബിംഗ് വർക്ക്<br>അടങ്കൽ - 299208<br>കരാറുകാരൻ - ശ്രീ സതികുമാർ<br>കരാർ നം., തീ. - 53/21-22, 31/03/22<br>ചെലവ് തുക - 294722 | 08/12/22 | 23/11/22 | 27/12/22 | 22/02/23 |
| 3 | 148/23 - തോമ്പിക്കണ്ടം ചപ്പാത്ത് റോഡിന് സംരക്ഷണ ഭിത്തി നിർമ്മാണം<br>അടങ്കൽ - 150000<br>കരാറുകാരൻ - ശ്രീ സതികുമാർ കെ.എസ്.<br>കരാർ നം., തീ. 55/21-22, 31.03.2022<br>ചെലവ് - 149373 | 06/09/22 | 23/12/22 | 27/12/22 | 18/01/23 |
| 4 | 152/23 - വാർഡ് 6 ൽ 100 -ം നമ്പർ അംഗനവാടിയിലേക്ക് റോഡ് കോൺക്രീറ്റ് സംരക്ഷണഭിത്തി നിർമ്മാണം<br>അടങ്കൽ - 170000<br>കരാറുകാരൻ - ശ്രീ ജമ്പു കുര്യൻ<br>കരാർ നം., തീ. - 47/21-22, 23/03/22<br>ചെലവ് - 126535 | 31/01/23 | 25/01/23 | 27/01/23 | 22/02/23 |

പ്രവൃത്തി പൂർത്തീകരിച്ച ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അനുമതി നൽകുന്നത് ഉചിതമല്ലെന്നും, പ്രത്യേകിച്ചും Visible അല്ലാത്ത ഇനങ്ങൾ/അംഗീകരിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ ഇവയ്ക്ക് എന്ത് കാരണത്താലും പ്രവൃത്തി ചെയ്ത ശേഷം അനുമതി നൽകാൻ പാടില്ലെന്നും ചീഫ് എഞ്ചിനീയർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ് (നം. ഡി.ബി.1/10690/2020/സിഇ/എൽ.എസ്.ജി.ഡി.& ഇ.ഡബ്ല്യു, തീ. 26/03/2021). സർക്കാർ ഉത്തരവുകളും, പി.ഡബ്ല്യു.ഡി. മാന്വലിലെ വ്യവസ്ഥകളും പാലിക്കാതെയാണ് ടി പ്രവൃത്തികളുടെ നിർവ്വഹണം പൂർത്തിയാക്കിയിട്ടുള്ളത്.

അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.31/17.11.23) അസിസ്റ്റൻ്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ കരാറുകാർ താമസംവിനാ പ്രവൃത്തികൾ പൂർത്തിയാക്കിയെന്നും, പഞ്ചായത്ത് കമ്മിറ്റി ചേരുന്നതിലും, ടി.എസ്. ലഭിക്കുന്നതിലും കാലതാമസം ഉണ്ടായതായും വിശദീകരിച്ചു. എല്ലാ പ്രവൃത്തികളും പരിശോധിച്ച് വ്യക്തമായി ബോധ്യപ്പെട്ടതിനുശേഷം മാത്രമാണ് ബിൽ മാറി നൽകിയതെന്നും, ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കുന്നതല്ലെന്നും അറിയിച്ചു.

## 1-31 അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തി

കരാറുകാരൻ - ശ്രീ കെ.എസ്.സതികുമാർ

അടങ്കൽ - 238995

കരാർ നം. - 3/2022-23/AE/LSGD/NRMDATED 21-12-2022

ചെലവ് - 179617

ബിൽ നം., തീ. - 22051152002901556974/29.03.2023

2022-23-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പഞ്ചായത്ത് ഓഫീസ് കെട്ടിടം നവീകരണം എന്ന പ്രവൃത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമാണ് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.

2022-23-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം.175/23 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 238995 രൂപ വകയിരുത്തിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. എസ്റ്റിമേറ്റ് തുകയേക്കാൾ 0.5 ശതമാനം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ (176457.380) ശ്രീ കെ.എസ്. സതികുമാർ എന്ന കരാറുകാരനാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. 21.12.2022-ലെ 3/2022-23/AE/LSGD/NRMDATED 21-നമ്പർ പ്രകാരം എഗ്രിമെന്റ് വെച്ച ഈ പ്രവൃത്തി 28/03/2023-ൽ പൂർത്തിയാക്കി ബിൽ സമർപ്പിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ അസ്സൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാതിരുന്ന ടൈൽ ഇടുന്ന പ്രവൃത്തിക്ക് കരാറുകാരന് പ്രതിഫലം നൽകിയിട്ടുണ്ട്. ഫൈനൽ ബിൽ പ്രകാരം 18.434 ച.മീ. ടൈൽ ഇടുന്ന പ്രവൃത്തിക്ക് 1511.04/ച.മീ. നിരക്കിൽ 27854.51 രൂപയാണ് കരാറുകാരന് നൽകിയത്. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെങ്കിലും, എസ്റ്റിമേറ്റ് പുതുക്കുന്നതിന് പഞ്ചായത്തിന്റെ ഭരണാനുമതി ലഭിച്ചിട്ടുള്ളതായി കണ്ടില്ല. കൂടാതെ എസ്റ്റിമേറ്റ് ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട് കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടുമില്ല.

പഞ്ചായത്തിന്റെ ഭരണാനുമതി ഇല്ലാതെയും സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കാതെയും അസ്സൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഇനം പ്രവൃത്തി നടത്തുന്നതിന് കരാറുകാരനെ അനുവദിച്ചത് ക്രമപ്രകാരമല്ല. ഭരണാനുമതി ഇല്ലാതെ റിവൈസ്ഡ് എസ്റ്റിമേറ്റിന് പുതുക്കിയ സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നടപടിയും ക്രമപ്രകാരമല്ല.

ഭരണാനുമതി വാങ്ങാതെ അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും വ്യതിചലിച്ച് പ്രവൃത്തി നടത്തിയതിന് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം-18/16.11.2023) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. നടപടി ക്രമങ്ങളുടെ ലംഘനം ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-32 പി.എച്ച്.സി കെട്ടിടത്തിന്റെ വൈദ്യുതീകരണ പ്രവൃത്തി; പൂർത്തീകരണ വിവരം ഇല്ല

പി.എച്ച്.സി. കെട്ടിടം വൈദ്യുതീകരിക്കുന്നതിനായി നാല് വർഷം മുൻപ് പഞ്ചായത്ത് ഡെപ്പോസിറ്റ് ചെയ്ത 10.57 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകണ സാക്ഷ്യപത്രം നാളിതുവരെ ലഭിച്ചിട്ടില്ല. പി.എച്ച്.സി-യ്ക്ക് പുതുതായി നിർമ്മിച്ച കെട്ടിടം വയറിംഗ് നടത്തുന്നതിന് 2018-19-ലെ വാർഷിക പദ്ധതിയിൽപ്പെടുത്തി പ്രോജക്ട് നം.105/19 പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റിൽനിന്നുമാണ് 1057500 രൂപ പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിൽ ഡെപ്പോസിറ്റ് ചെയ്തത്. ഓഡിറ്റിന് സമർപ്പിച്ച 2022-23-ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിൽ പ്രസ്തുത തുക ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറായി കാണിച്ചിരിക്കുന്നു. പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. തുക ഡെപ്പോസിറ്റ് ചെയ്ത് നാല് വർഷം പിന്നിട്ടിട്ടും പ്രവൃത്തിയുടെ പൂർത്തീകരണം നിരീക്ഷിക്കാതിരിക്കുകയും, പി.ഡബ്ല്യൂ.ഡി-യിൽ തുക എന്തെങ്കിലും ചെലവാകാതെ അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് തിരികെ വാങ്ങി സർക്കാരിന്റെ സഞ്ചിത നിധിയിൽ ഒടുക്കാതിരിക്കുകയും ചെയ്തത് നിർവ്വഹണ ചുമതലയുണ്ടായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി മുൻകൂർ ക്രമീകരിക്കുന്നതിനും, ബാലൻസ് തുക തിരികെ വാങ്ങി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുന്നതിനും സത്വര നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-33 പുതിയ കെട്ടിടം നിർമ്മിച്ചിട്ടും അങ്കണവാടി വാടകകെട്ടിടത്തിൽ

പുതിയ കെട്ടിടം നിർമിച്ച് വർഷങ്ങൾ കഴിഞ്ഞെങ്കിലും അങ്കണവാടി പ്രവർത്തിക്കുന്നത് വാടക കെട്ടിടത്തിൽ. നാറാണംമൂഴി പഞ്ചായത്ത് 3-ാം വാർഡിൽ ചെമ്പനോലി 105-ാം നമ്പർ അങ്കണവാടിയാണ് ഇപ്പോഴും വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച അങ്കണവാടി കെട്ടിടം ഉപേക്ഷിച്ച നിലയിലാണ്. 500 ച.അടിയിൽ കുറയാത്ത ഈ കോൺക്രീറ്റ് കെട്ടിടത്തിന് രണ്ട് മുറികളും, വരാന്തയും, അനുബന്ധമായി ടോയ്‌ലറ്റും ഉണ്ട്. കെട്ടിടത്തിന്റെ തറ ടൈൽ ഇട്ടതാണ്. പ്ലാസ്റ്ററിംഗും, പെയിന്റിംഗും പൂർത്തിയാക്കിയിട്ടുള്ളതുമാണ്. എന്നാൽ ടി കെട്ടിടത്തിൽ നാളിതുവരെ വയറിംഗ് ചെയ്യുകയോ അനുബന്ധ സൌകര്യങ്ങൾ ഒരുക്കുകയോ ചെയ്തിട്ടില്ല. ടോയ് ലെറ്റ് ഉണ്ടെങ്കിലും അത് ഉപയോഗ ശൂന്യമാണ്. കെട്ടിടത്തിന് ചുറ്റുമതിൽ നിർമ്മിച്ചിട്ടില്ല. കെട്ടിടത്തിന്റെ സമീപത്തായി പൊതുകുളവും, പിന്നിൽ കൈത്തോടും ഉണ്ട്. കുട്ടികളുടെ സുരക്ഷയെ കരുതിയാണ് കെട്ടിടം ഉപയോഗപ്പെടുത്താതിരിക്കുന്നതെന്നാണ് പറയുന്നത്. സുരക്ഷാ കാരണങ്ങളാൽ

കുട്ടികളെ മാതാപിതാക്കൾ ഈ കെട്ടിടത്തിലേക്ക് അയക്കാൻ തയ്യാറല്ലാത്തതിനാൽ നിലവിൽ അങ്കണവാടി 2000 രൂപ വാടക നൽകി ഒരു സ്വകാര്യ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വാടകയിനത്തിൽ 1000 രൂപ ഐ.സി.ഡി.എസ് ഡിപ്പാർട്ട്മെന്റ് നൽകുന്നുണ്ട്. ബാക്കി തുക അങ്കണവാടി വർക്കറാണ് നൽകിവരുന്നത്.




അങ്കണവാടിക്ക് വേണ്ടി പഞ്ചായത്ത് പണി കഴിപ്പിച്ച കെട്ടിടം ഉപയോഗപ്പെടുത്താത്തത് സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിരുന്നെങ്കിലും ഇക്കാര്യത്തിൽ നടപടികളൊന്നും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. 2022-23-ലെ വാർഷിക പദ്ധതിയിൽപ്പെടുത്തി കുളത്തിന് സംരക്ഷണ ഭിത്തിയും വേലിയും നിർമ്മിച്ച് സുരക്ഷിതമാക്കിയിട്ടുണ്ട്. അങ്കണവാടിക്ക് ചുറ്റുമതിൽ നിർമ്മിക്കുകയും, അത്യാവശ്യം അറ്റകുറ്റപ്പണികൾനടത്തി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുകയും ചെയ്താൽ കെട്ടിടം ഉപയോഗിക്കാവുന്ന സ്ഥിതിയിലാണ്. എന്നാൽ ഇതിനുള്ള ശ്രമമൊന്നും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

പൊതു ഖജനാവിൽനിന്നും ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയ ശേഷം അത് ഉപയോഗപ്പെടുത്താതെ ഉപേക്ഷിച്ചതിന്റെ യുക്തി മനസ്സിലാകുന്നില്ല. കെട്ടിടം ഉപയോഗപ്പെടുത്താനല്ലെങ്കിൽ ജനങ്ങളുടെ നികുതിപ്പണം ഉപയോഗിച്ച് ഇപ്രകാരമൊരു നിർമ്മാണം നടത്തിയത് എന്തിനാണെന്ന് പൊതുജനങ്ങളോട് വിശദീകരിക്കേണ്ട ബാധ്യത പഞ്ചായത്തിനുണ്ട്. നിർമ്മാണം പൂർത്തിയാക്കി വർഷങ്ങൾ പിന്നിട്ടിട്ടും കെട്ടിടം ഉപയോഗപ്പെടുത്താതിരിക്കുകയും, അങ്കണവാടി വാടക കെട്ടിടത്തിൽ തുടരുകയും ചെയ്യുന്ന സ്ഥിതി പഞ്ചായത്തിന് ഭൂഷണമല്ല. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. കെട്ടിടത്തിൽ എത്രയും വേഗം അങ്കണവാടി പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ പഞ്ചായത്ത് ചെയ്യേണ്ടതാണ്.

## 1-34 ഇടവിളക്കൃഷി വികസനം - വളം വിതരണം നടത്തിയതിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | 83, ഇടവിളക്കൃഷി വികസനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 7626000 |
| ചെലവഴിച്ച തുക | 3173750<br>(വളം വാങ്ങൽ - പദ്ധതി വിഹിതം- 521000<br>ഗുണഭോക്തൃ വിഹിതം - ചെലവ് രേഖകൾ ലഭ്യമല്ല ) |

ഇടവിളക്കൃഷി വികസനത്തിനായി തയ്യാറാക്കിയ പ്രോജക്ടിന്റെ ഭാഗമായി വാങ്ങിയ വളം പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല എന്നു കാണുന്നു. വകയിരുത്തിയ പദ്ധതി വിഹിതം പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ഇനത്തിൽ ചെലവഴിച്ച തുക സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
പ്രോജക്ട് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1.** അഗ്രോ ഇൻഡസ്ട്രീസിൽ നിന്നും ചുവടെ ചേർക്കും പ്രകാരം ജൈവവളം വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ/തീയതി | എണ്ണം | യൂണിറ്റ് ചെലവ്(1യൂണിറ്റ് = 1 ബാഗ്) | ആകെ ബിൽ തുക | ചെലവഴിച്ച പദ്ധതി വിഹിതം, ബിൽ നമ്പർ/തീയതി) | വകയിരുത്തിയ ഗുണ.വിഹിതം |
|---|---|---|---|---|---|---|
| 1. | V-511A/2022-23 Dtd 19.12.2022 | 218 Bag(50kg/bag) | 1500 | 327000 | 245000 (185 19/12/2022) | 82000 |
| 2. | Q 748 Dtd 30.12.2022 | 246bag (50kg/bag) | 1496 | 368000 | 276000(432, 28/03/2023) | 92000 |
| | ആകെ | 464 | | 695000 | 521000 | 174000 |

1. വിതരണ രജിസ്റ്ററിൽ പേജ് 21 മുതൽ 27 വരെയുള്ള രേഖപ്പെടുത്തൽ പ്രകാരം 218 ബാഗ് വളവും പേജ് 116 മുതൽ 126 വരെയുള്ള പേജുകളിലെ രേഖപ്പെടുത്തൽ പ്രകാരം 211 ബാഗ് വളവും ഉൾപ്പെടെ 429 ബാഗ് വളമാണ് വിതരണം ചെയ്തിട്ടുള്ളത്. 35 ബാഗ് വളം (ഒരു ബാഗിൽ 50 കി.ഗ്രാം വളം എന്ന ക്രമത്തിൽ) വിതരണം ചെയ്തിട്ടില്ല.

2. ഗുണഭോക്തൃ വിഹിതം ഇനത്തിൽ 198000 രൂപ പിരിച്ചെടുത്തിട്ടുണ്ട്. ആവശ്യമായ ഗുണ.വിഹിതം 174000 രൂപ മാത്രമാണെന്നിരിക്കെ 198000 രൂപ പിരിച്ചെടുത്തത് എന്തിനെന്ന് വ്യക്തമല്ല. അധികമായി പിരിച്ചെടുത്ത തുക 24000 രൂപ അതാത് ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതാണ്.

3. ഗുണഭോക്തൃ വിഹിതം സ്ഥാപനം കൈപ്പറ്റിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ചെലവ് പത്രിക പ്രകാരം 78750 രൂപയാണ് ഗുണഭോക്തൃ വിഹിതം ഇനത്തിലുള്ള ചെലവ്. എന്നാൽ 30.03.2023 ലെ 37198083374 ചെക്ക് പ്രകാരം(എസ്സ് ബി ഐ) 102550 രൂപ തനത് ഫണ്ടിൽ നിന്നും ടിയിനത്തിൽ പിൻവലിച്ചിട്ടുണ്ട്. പിരിച്ചെടുത്തതിൽ കാഷ് ബിൽ പ്രകാരം ഗുണഭോക്തൃ വിഹിതം ഇനത്തിൽ നൽകേണ്ട തുകയിൽ ബാലൻസ് തുക 71450 രൂപ (174000-102550) രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന്(നം.38/18.11.23) മറുപടി ലഭ്യമാക്കിയില്ല. വാങ്ങിയ വളം വിതരണം ചെയ്യാതിരുന്നതിൽ നിന്നും ആവശ്യാധിഷ്ഠിതമായല്ല വാങ്ങലുകൾ നടത്തിയതെന്ന് വ്യക്തമാണ്.

വിതരണം ചെയ്യാത്ത വളത്തിന്റെ വിലയായി പദ്ധതി വിഹിതം ഇനത്തിൽ ചെലവഴിച്ച 39270 രൂപ[35(1496X75/100] , ഗുണഭോക്തൃ വിഹിതം ഇനത്തിൽ തനതു ഫണ്ടിൽ നിന്നും പിൻവലിച്ച തുക 102550 രൂപ ഉൾപ്പടെ ആകെ 141820 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിഷയം തുടർ നടപടികൾക്കായി വികസനകാര്യ സ്റ്റാന്റിംഗ് കമ്മിററിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-35 ഇടവിളക്കൃഷി വികസനം - കാപ്പിത്തൈ വിതരണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ്നമ്പർ, പ്രോജക്ടിന്റെ പേര് | 83, ഇടവിളക്കൃഷി വികസനം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 7626000 (വികസന ഫണ്ട്) |
| ചെലവ് | 3173750( കാപ്പിത്തൈകളുടെ വിതരണം -200000 (ബിൽ നമ്പർ 433/28.03.2023) |

പ്രോജക്ടിന്റെ ഭാഗമായി 10000 കാപ്പിത്തൈകളും 2500 കൊക്കോത്തൈകളും തൈ ഒന്നിന് 20 രൂപ നിരക്കിൽ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.പ്രോജക്ടിന്റെ ആസൂത്രണം, നിർവ്വഹണം, മോണിട്ടറിംഗ് എന്നീ ഘട്ടങ്ങളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വ്യക്തമായ ആസൂത്രണത്തോടെയല്ല പ്രോജക്ട് നടപ്പിലാക്കിയത്. പ്രോജക്ടിന്റെ നിർവ്വഹണകലണ്ടറിൽ തൈകൾ വാങ്ങുന്നതിനുള്ള സമയക്രമം മാർച്ച് 2023 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തൈകൾ വാങ്ങിയത് 19.12.2022 ലാണ് . വളർച്ചയ്ക്ക് മണ്ണിൽ നനവ് ആവശ്യമായ ചെടികൾ വാങ്ങുന്നതിന് ആസൂത്രണം ചെയ്തത് വേനൽക്കാലത്തിന്റെ

മൂർദ്ധന്യാവസ്ഥയിലാണെന്നത് ആസൂത്രണത്തിലെ പാളിച്ച വ്യക്തമാക്കുന്നു.

2.വാങ്ങിയ തൈകൾ 38 ഗുണഭോക്താക്കൾക്കാണ് വിതരണം ചെയ്തത്. വിതരണ രജിസ്ററിൽ പെൻസിൽ ഉപയോഗിച്ചാണ് രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളത്. തൈകളുടെ എണ്ണത്തിൽ തിരുത്തലുകൾ വരുത്തിയതായും കാണുന്നു. വിതരണ രജിസ്റ്റർ പ്രകാരം ശ്രീ കെ സി മാത്യു കറമ്പന്റയ്യത്ത് വീട്, നാറാണംമൂഴി, അന്നമ്മ വർഗ്ഗീസ് വെമ്മേലിൽ വീട് ,വാർഡ് 9 എന്നിവർക്ക് യഥാക്രമം 2000, 1500 എന്നിങ്ങനെ എണ്ണം തൈകളാണ് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ അന്വേഷണം നടത്തിയതിൽ ടിയാളുകൾക്ക് മേൽപ്പറഞ്ഞ എണ്ണം തൈകൾ ലഭ്യമായിട്ടില്ലെന്ന് അറിയാൻ കഴിഞ്ഞു.

3. പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കേണ്ടതുണ്ട്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി മോണിട്ടറിംഗ് കമ്മിറ്റി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇത് പാലിക്കപ്പെട്ടിട്ടില്ല. പ്രോജക്ടിന്റെ മോണിട്ടറിംഗ് നടത്തിയിട്ടില്ല.

വാങ്ങിയ കാപ്പി, കൊക്കോ തൈകളുടെ വിതരണം സുതാര്യതയോടെയാണെന്നും വാങ്ങിയ തൈകൾ നിലവിലും സംരക്ഷിക്കപ്പെടുന്നു എന്നും ഉറപ്പുവരുത്തുന്നതിന് കൂടുതൽ അന്വേഷണം ആവശ്യമാണ്. വിഷയത്തിൽ അന്വേഷണം നടത്തി ഉചിതമായ തുടർ നടപടി സ്വീകരിക്കുന്നതിന് ഭരണസമിതി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരോട് ശുപാർശ ചെയ്യുന്നു. ഭരണതല അന്വേഷണ റിപ്പോർട്ട് ലഭ്യമാകുന്നതുവരെ ചെലവഴിച്ച തുക 200000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-36 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി - പദ്ധതി പൂർണ്ണമായി നടപ്പാക്കിയില്ല

ഓഡിറ്റ് വർഷം ക്ഷീര സഹകരണ സംഘങ്ങളിൽ പാലു നൽകുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് 3/- രൂപ നിരക്കിൽ ഇൻസെന്റീവ് നൽകുന്നതിന് ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി 73/23 | വികസന ഫണ്ട് | 500000 | 500000 |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 300000 | 39739 |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 500000 | 399514 |
| ആകെ | | 1300000 | 939253 |

ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്ത് സംയുക്തമായി നടപ്പിലാക്കിയ പദ്ധതിയിൽ ആകെ 13ലക്ഷം രൂപ വകയിരുത്തിയിരുന്നു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അഞ്ച് ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ പാലു നൽകിയ കർഷകർക്ക് അളന്ന പാലിന് ആനുപാതികമായി ഡിസംബർ മാസം വരെ മാത്രമേ ഇൻസെന്റീവ് അനുവദിച്ചിട്ടുള്ളൂ. ക്ഷീര മേഖലയിലെ കർഷകർ വളരെയധികം പ്രതിസന്ധികൾ നേരിട്ടു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, കർഷകരെ ഈ മേഖലയിൽ നിലനിർത്തുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും, കൂടുതൽ ആളുകളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും ക്ഷീര കർഷകർക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതി മൂലം സാധിക്കുന്നതാണ്. വരും വർഷങ്ങളിൽ എല്ലാ ക്ഷീര കർഷകർക്കും പദ്ധതിയുടെ ആനുകൂല്യം പൂർണ്ണമായി ലഭിക്കത്തക്ക രീതിയിൽ പദ്ധതി നടപ്പാക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-37 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ - അവലോകനം

ഗ്രാമപഞ്ചായത്തിൽ 22 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ നാലെണ്ണത്തിനു മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. രണ്ട് അങ്കണവാടികൾക്ക് ചുറ്റുമതിലും, രണ്ട് അങ്കണവാടികളിൽ ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റും ഉണ്ട്. മിക്ക അങ്കണവാടികളിലും ആവശ്യത്തിന് ഫർണിച്ചർ ഇല്ല. ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റുകളും ഫർണിച്ചറും വളരെ അത്യന്താപേക്ഷിതമാണെന്ന് ഐ.സി.സി.എസ് ഓഫീസർ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും,

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്ത് അധികൃതർ അടിയന്തിര ശ്രദ്ധപതിപ്പിക്കേണ്ടതാണ്. അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ അറ്റകുറ്റ പണികൾ നടത്തി സുരക്ഷ ഉറപ്പാക്കുക, സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുക എന്നിവ പ്രാവർത്തികമാക്കുന്നതിന് ഗ്രാമപ്പഞ്ചായത്ത് ഫലപ്രദമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ സത്വര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-38 സ്വകാര്യ ഭൂമിയിൽ വാട്ടർ ടാങ്ക് സ്ഥാപിച്ചു; പെരുനാട് അത്തിക്കയം കുടിവെള്ള പദ്ധതി പ്രതിസന്ധിയിൽ

പെരുനാട് അത്തിക്കയം കുടിവെള്ള പദ്ധതിക്ക് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് പഞ്ചായത്ത് വാങ്ങി നൽകിയ സ്ഥലത്ത് ടാങ്ക് നിർമ്മിക്കാതെ സ്വകാര്യ വ്യക്തിയുടെ ഭൂമിയിൽ വാട്ടർ അതോറിറ്റി ടാങ്ക് സ്ഥാപിച്ചു. പഞ്ചായത്ത് വാങ്ങി നൽകിയ സ്ഥലം ടാങ്ക് നിർമ്മിക്കുന്നതിന് അനുയോജ്യമല്ലെന്ന് വാട്ടർ അതോറിറ്റി കണ്ടെത്തിയതിനെ തുടർന്ന്, ഈ സ്ഥലം മുൻ ഉടമസ്ഥന് വിട്ട് നൽകുന്നതിനും, ടിയാന്റെ തന്നെ ഭൂമിയിലെ ഉയർന്ന ഭാഗം പകരം ഏറ്റെടുക്കുന്നതിനും പഞ്ചായത്തും, വാട്ടർ അതോറിറ്റിയും ധാരണയിലെത്തുകയായിരുന്നു. എന്നാൽ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ വാങ്ങിയ ഭൂമി കൈയ്യൊഴിച്ച് പകരം കണ്ടെത്തിയ ഭൂമി ആർജ്ജിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്നതിന് കാക്കാതെ, പകരം കണ്ടത്തിയ സ്ഥലത്ത് വാട്ടർ അതോറിറ്റി ടാങ്ക് നിർമ്മിക്കുകയാണുണ്ടായത്. പദ്ധതിക്കായി പഞ്ചായത്ത് വാങ്ങി നൽകിയ സ്ഥലം ഉപയോഗ ശൂന്യമായി കിടക്കുന്നു.

നാറാണംമൂഴി ഗ്രാമപഞ്ചായത്തിൽ പെരുനാട്, അത്തിക്കയം വില്ലേജുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതിക്കായി നാറാണംമൂഴി ഗ്രാമപഞ്ചായത്തിൽ പഞ്ചാരമുക്ക് എന്ന സ്ഥലത്ത് 2.85 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഭൂതല ജലസംഭരണി നിർമ്മിക്കുന്നതിനായി മണിയനോടിൽ വീട്ടിൽ ശ്രീ എം.സി. തോമസ്, ഭാര്യ ശ്രീമതി ഏലിയാമ്മ എന്നിവരുടെ ഉടമസ്ഥതയിലുള്ള 7 സെന്റ് സ്ഥലം (3.04 ആർ) 2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ വാങ്ങി വാട്ടർ അതോറിറ്റിയ്ക്ക് കൈമാറുകയായിരുന്നു. റവന്യൂ വകുപ്പിന്റെ 14/07/2016-ലെ സ.ഉ.(സാധാ)നം. 2763/16 ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം ഒരു ആർ-ന് 247000 രൂപ പ്രകാരം 3.04 ആർ വസ്തു 750880 രൂപ വില നൽകിയാണ് പഞ്ചായത്ത് വാങ്ങിയത്. മേൽ പറഞ്ഞ 7 സെന്റ് സ്ഥലത്തിന് റാന്നി തഹസിൽദാർ 83890 രൂപയാണ് വാല്യൂവേഷൻ നൽകിയിരുന്നത്. എന്നാൽ പഞ്ചായത്തിന്റെ അപേക്ഷ പരിഗണിച്ച് സ്റ്റേറ്റ് ലവൽ എംപവേർഡ് കമ്മിറ്റി ഭൂമി വില 750880 രൂപയായി നിശ്ചയിച്ച് നൽകുകയായിരുന്നു. ശ്രീ എം.സി. തോമസിന്റെയും ഭാര്യ ശ്രീമതി ഏലിയാമ്മയുടെയും പേരിൽ അത്തിക്കയം വില്ലേജിൽ സർവ്വേ നം.781/1/1-ൽ ഉൾപ്പെട്ട 50 സെന്റ് വസ്തുവിൽ റോഡ് സൗകര്യമുള്ളതും, ഏറ്റവും അധികം വില ലഭിക്കാൻ സാധ്യതയുള്ളതുമായ 7 സെന്റ് സ്ഥലമാണ് പദ്ധതിക്കായി മേൽ പറഞ്ഞ പ്രകാരം തഹസിൽദാറുടെ വിലനിർണ്ണയ സർട്ടിഫിക്കറ്റിൽ പറഞ്ഞതിന്റെ പതിൻമടങ്ങ് വില നൽകി പഞ്ചായത്ത് വാങ്ങിയത്. നാറാണംമൂഴി ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും കുടിവെള്ളം എത്തിക്കാൻ കഴിയുന്ന പ്രസ്തുത പദ്ധതി നടപ്പിലാക്കേണ്ടത് വളരെ അത്യാവശ്യമായതിനാൽ ടി സ്ഥലം വാങ്ങേണ്ടത് അനിവാര്യമാണെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്ത് (17/02/2014-ലെ 7(2) നമ്പർ തീരുമാനം) സർക്കാരിനെ അറിയിച്ചതിനെ തുടർന്നാണ് ഉയർന്ന വില നൽകി വസ്തു വാങ്ങുന്നതിന് പഞ്ചായത്തിന് സർക്കാരിൽനിന്നും പ്രത്യേകാനുമതി ലഭിച്ചത്.

മേൽ വിവരിച്ച പ്രകാരം പഞ്ചായത്ത് വാങ്ങി വാട്ടർ അതോറിട്ടിക്ക് കൈമാറിയ ഭൂമി, ഭൂതല ടാങ്ക് നിർമ്മിക്കുന്നതിന് അനുയോജ്യമല്ലെന്ന് കാണിച്ച് നാല് വർഷങ്ങൾക്ക് ശേഷം വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ പഞ്ചായത്തിന് കത്ത് നൽകി. പ്രസ്തുത കത്തിൽ, പഞ്ചായത്തിൽനിന്നും ലഭ്യമാക്കിയ ഭൂമിയുടെ ലെവൽ +123.50 മീറ്റർ ആണെന്നും, പദ്ധതി പ്രകാരം പഞ്ചാരമുക്കിലെ ഭൂതല സംഭരണിയിൽനിന്നും വിതരണം ചെയ്യേണ്ട എല്ലാ ഭാഗങ്ങളിലേയ്ക്കും ശുദ്ധജലം എത്തിയ്ക്കണമെങ്കിൽ ലഭ്യമാക്കേണ്ടിയിരുന്ന ഭൂമിയുടെ ലെവൽ +136.80 മീറ്റർ ആണെന്നും, പഞ്ചായത്തിന് ഭൂമി നൽകിയ വ്യക്തി അതേ പ്ലോട്ടിലെ ഉയർന്ന ഭാഗത്തെ സ്ഥലം മാറ്റിത്തരാമെന്ന് സമ്മതിച്ചതായും അറിയിച്ചു. പകരം മാറ്റിത്തരുന്ന ഭൂമിയുടെ ലെവൽ, പദ്ധതിയ്ക്ക് ആവശ്യമായ +136 ആണെന്നും, മാറ്റിത്തരുന്ന വസ്തുവിലേക്കുള്ള വഴി ഉടമസ്ഥനും ഉപയോഗിക്കാൻ കഴിയും വിധം സൌജന്യമായി തരാമെന്നും വസ്തു ഉടമ സമ്മതിച്ചതായും പറയുന്നു. ആയതിനാൽ എത്രയും വേഗം ഉയർന്ന ഭാഗത്തെ ടി സ്ഥലം ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനും കത്തിൽ ആവശ്യപ്പെട്ടു. 06.08.2021-ലാണ് ഇപ്രകാരമൊരു കത്ത് വാട്ടർ അതോറിറ്റി പഞ്ചായത്തിന് നൽകിയത്. തുടർന്ന് വസ്തു ഉടമയായ ശ്രീ എം.സി. തോമസും ഭാര്യ ശ്രീമതി ഏലിയാമ്മ തോമസും അവരുടെ വസ്തുവിന്റെ പടിഞ്ഞാറ് ഭാഗം, വഴി ഉൾപ്പടെ 07 സെന്റ് സ്ഥലം പഞ്ചായത്തുമായി വെച്ച് മാറുന്നതിന് സമ്മത പത്രം നൽകി.




സ്വകാര്യ ഭൂമിയിൽ നിർമ്മിച്ച ഭൂതല വാട്ടർ ടാങ്ക്

പദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഏജൻസിയായ വാട്ടർ അതോറിറ്റിയുടെ അനുയോജ്യതാ സാക്ഷ്യപത്രം വാങ്ങാതെയാണ് വൻതുക മുടക്കി പഞ്ചായത്ത് പദ്ധതിയ്ക്കായി ഭൂമി വാങ്ങിയതെന്നാണ് മേൽ വിവരിച്ച സംഗതികളിൽനിന്നും വ്യക്തമാകുന്നത്. വാട്ടർ അതോറിറ്റി അധികൃതരുടെ അനുയോജ്യതാ സാക്ഷ്യപത്രം വാങ്ങാതെ പദ്ധതിയ്ക്ക് വൻ തുക മുടക്കി ഭൂമി വാങ്ങിയത് പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നുള്ള പിഴവാണ്. സർക്കാരിന്റെ പ്രത്യേകാനുമതിയോടെ സെന്റ് ഒന്നിന് ഒരു ലക്ഷം രൂപയാണ് പഞ്ചായത്ത് വില നൽകിയത്. എന്നാൽ വസ്തു ഉടമ പകരം നൽകാമെന്നേറ്റത് കല്ലുംകൂട്ടം നിറഞ്ഞതും താരതമ്യേന വില കുറഞ്ഞതും, വഴി സൗകര്യം ഇല്ലാത്തതുമായ ഭൂമിയായിരുന്നു. പഞ്ചായത്ത് വില കൊടുത്ത് വാങ്ങിയ ഭൂമിയുടെ മൂല്യവും, പകരം ഏറ്റെടുക്കുന്ന ഭൂമിയുടെ മൂല്യവും തമ്മിലുള്ള അന്തരം എപ്രകാരം പരിഹരിക്കുമെന്ന കാര്യത്തിൽ അധികൃതർ മൗനം പാലിക്കുകയാണ്. പദ്ധതിയ്ക്ക് അനുയോജ്യമെന്ന് പിന്നീട് കണ്ടെത്തിയ സ്ഥലം ആദ്യമേ പഞ്ചായത്ത് വാങ്ങിയിരുന്നുവെങ്കിൽ താരതമ്യേന കുറഞ്ഞ വിലയ്ക്ക് ഭൂമി ലഭിക്കുമായിരുന്നുവെന്ന കാര്യം സ്പഷ്ടമാണ്. വേണ്ടത്ര പരിശോധനയോ, വിലയിരുത്തലോ കൂടാതെയാണ് പഞ്ചായത്ത് ഈ ഭൂമി ഇടപാടിൽ ഏർപ്പെട്ടതെന്നാണ് കണ്ടത്. ഇതുമൂലം പൊതു ഖജനാവിന് ഗണ്യമായ നഷ്ടം ഉണ്ടായി. ഇതിനെല്ലാം ഉപരിയായി, ഗുരുതരമായ നിയമ പ്രശ്നങ്ങൾക്ക് വഴിവെച്ചേക്കാവുന്ന തരത്തിൽ സ്വകാര്യ വ്യക്തിക്ക് കരം തീരുവയുള്ള ഭൂമിയിൽ വാട്ടർ അതോറിറ്റി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്ക് കാര്യങ്ങൾ കൊണ്ടെത്തിച്ചു. കാര്യങ്ങൾ സങ്കീർണ്ണമാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്ക് പ്രകടമാണ്. പദ്ധതിയ്ക്ക് വേണ്ടി അനുയോജ്യമല്ലാത്ത ഭൂമി വാങ്ങിയ ഇനത്തിലുള്ള നഷ്ടം നിജപ്പെടുത്തി ഉത്തരവാദികളായവരിൽനിന്നും ഈടാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കണം.

ഭൂമി കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച് തീരുമാനം എടുത്ത് രണ്ട് വർഷം പിന്നിട്ടിട്ടും തീരുമാനം നടപ്പിലാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്ത് മെല്ലെപ്പോക്ക് തുടരുകയാണ്. വസ്തു കൈമാറ്റം ചെയ്യുന്നതിന് സർക്കാർ അനുമതി തേടുന്നതിലേക്ക് ആവശ്യമായ അധിക വിവരങ്ങൾ/രേഖകൾ സമർപ്പിക്കുന്നതിന് 10/10/2022-ൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കത്ത് നൽകിയിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽ കാണുന്നു. എന്നാൽ ആവശ്യപ്പെട്ട വിവരങ്ങൾ/രേഖകൾ പഞ്ചായത്ത് നൽകിയിട്ടില്ല.

കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പെരുനാട് അത്തിക്കയം മേജർ കുടിവെള്ള പദ്ധതിയ്ക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന് 2013-14 വർഷമാണ് പഞ്ചായത്ത് നടപടി തുടങ്ങിയത്. ഇതിനുവേണ്ടി 2017-ൽ പഞ്ചായത്ത് സ്ഥലം ഏറ്റെടുത്ത് നൽകി ആറര വർഷം പിന്നിട്ടിട്ടും പദ്ധതി കമ്മീഷൻ ചെയ്യാൻ വാട്ടർ അതോറിട്ടിക്ക് കഴിഞ്ഞിട്ടില്ല. പദ്ധതി എത്രയും വേഗം കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ ഇടപെടൽ പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത് അനിവാര്യമാണ്. സ്വകാര്യ വ്യക്തിക്ക് കരം തീരുവയുള്ള ഭൂമിയിൽ ടാങ്ക് നിർമ്മിച്ചത് പദ്ധതി കമ്മീഷൻ ചെയ്യുന്നതിന് തടസ്സമാണ്. തടസ്സം പരിഹരിക്കുന്നതിലേക്ക്, നിലവിൽ പഞ്ചാരമുക്കിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം മുൻ വസ്തു ഉടമയ്ക്ക് വിട്ടുനൽകുന്നതിനും, പകരം ഭൂതല ടാങ്ക് സ്ഥിതി ചെയ്യുന്ന ഭൂമി സർക്കാർ അനുമതിയോടെ നടപടി ക്രമങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തിയാക്കി മാറ്റുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-39 ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് അക്കൗണ്ട് ആരംഭിച്ചില്ല

പഞ്ചായത്തിൽ ഇ-ടെണ്ടർ ഫീസ് പിരിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ആരംഭിച്ചിട്ടില്ല. അസി.എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ഇല്ലാത്തതിനാൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലൂടെയാണ് ഇ-ടെണ്ടർ ഫീസ് പിരിച്ചെടുത്തിട്ടുള്ളത്. ഇപ്രകാരം പിരിച്ചെടുത്ത തുകകളൊന്നും ഓഡിറ്റ് തീയതിവരെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്നും പഞ്ചായത്തിന് വകമാറ്റി ലഭിച്ചിട്ടില്ല. തിരികെ ലഭിക്കാനുള്ള തുകകളുടെ കൃത്യമായ കണക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ സൂക്ഷിക്കുകയോ, ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്തില്ല.

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ വരവ് വന്ന തുകകൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതിന് വൈഷമ്യം നേരിടുന്നതിനാൽ 02-10-17-ലെ സ.ഉ.(സാധാ)നം.3186/2017/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും എസ്.ബി.ഐ യിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകി. സർക്കാർ നിർദ്ദേശം പാലിച്ച് പഞ്ചായത്തിൽ ഇ-ടെണ്ടർ ആവശ്യത്തിന് അക്കൌണ്ട് ആരംഭിക്കാതിരുന്നത് വീഴ്ചയാണ്. എത്രയും വേഗം അക്കൌണ്ട് ആരംഭിക്കുന്നതിനും IKM-ആയി ബന്ധപ്പെട്ട് അക്കൌണ്ട് ഇ-ടെണ്ടർ സൈറ്റിൽ മാപ്പ് ചെയ്യുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയർ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ വരവ് ചേർത്തിട്ടുള്ള ഇ-ടെണ്ടർ ഫീസ് തിരികെ വാങ്ങി പഞ്ചായത്ത് ഫണ്ടിൽ വരവ് ചേർക്കുന്നതിനും അസിസ്റ്റന്റ് എഞ്ചിനീയർ നടപടി സ്വീകരിക്കണം.

## 1-40 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല

ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ഓഡിറ്റ് വർഷം പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. (S028/23, വികസനഫണ്ട്- അടങ്കൽ - 600000 രൂപ, ചെലവ്-600000 രൂപ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം അടങ്കൽ 300000രൂപ, ചെലവ് 300000രൂപ). മാനസിക വെല്ലുവിളി നേരിടുന്ന 26 വിദ്യാർത്ഥികളും, ശാരീരിക വെല്ലുവിളി നേരിടുന്ന 16 വിദ്യാർത്ഥികളും ഉൾപ്പെടെ 42വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 25000 രൂപയും ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പരമാവധി 15000 രൂപയുമാണ് (വ്യത്യസ്ത ക്ലാസുകളിൽ പഠിക്കുന്നവർക്ക് വ്യത്യസ്ത നിരക്കിൽ) നൽകിയിട്ടുള്ളത്. പതിമൂന്നാം പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഒരു വർഷം 28500 രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 6500 രൂപ മുതൽ 19500 രൂപ വരെയും നൽകാമെന്നിരിക്കെ, പദ്ധതി രൂപീകരിച്ചപ്പോൾ അപര്യാപ്തമായി തുക വകയിരുത്തി കുറഞ്ഞനിരക്കിൽ സ്കോളർഷിപ്പ് നൽകിയത് ഇത്തരത്തിൽ അവശത നേരിടുന്നവരോടുള്ള അവഗണനയെയാണ് സൂചിപ്പിക്കുന്നത്. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് ആവശ്യമായ തുക വകയിരുത്തുന്നതിന് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥയും ശ്രദ്ധിക്കേണ്ടതാണ്.

## 1-41 ലക്ഷക്കണക്കിന് രൂപയുടെ മരുന്ന് ലഭ്യമാക്കുവാൻ അവശേഷിക്കുന്നു

ഓഡിറ്റ് വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങുന്നതിനും, പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് മരുന്ന് വാങ്ങുന്നതിനും, അതിദരിദ്രർക്ക് ചികിത്സാ സഹായം നൽകുന്നതിനുമായി 1000000 രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനു 2022-23 ൽ നൽകിയിരുന്നു. വിശദാംശം താഴെപ്പറയുന്നു.

| ക്രമ നം | പദ്ധതിയുടെ പേര്/നമ്പർ | ഇൻവോയിസ് നമ്പർ/തീയതി | ഒടുക്കിയ തുക | ലഭ്യമായ മരുന്നുകളുടെ വില | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 1 | പ.എച്ച്.സി/ എഫ്.എച്ച്.സി | 14155/27-07-23 | 500000 | 161491 | 338509 |

| | | | | | |
|---|---|---|---|---|---|
| | യിലേക്ക് മരുന്ന് വാങ്ങൽ | | | | |
| | 32/ 23 | 14159/27-07-23 | 100000 | 41857 | 58143 |
| 2 | അതിദരിദ്രർക്കുള്ള മൈക്രോപ്ളാൻ, മരുന്ന് വിതരണം<br>192/23 | 4326/19-05-23 | 100000 | 11355 | 88645 |
| 3 | പാലിയേറ്റീവ് കെയർ<br>33/23 | 14154/27-07-23 | 300000 | 79424 | 220576 |
| ആകെ | | | 1000000 | 294127 | 705873 |

ഇപ്രകാരം ആകെ 705873 രൂപയുടെ മരുന്ന് KMSCL ൽ നിന്നും ലഭ്യമാക്കാനവശേഷിക്കുന്നുണ്ട്. അവശേഷിക്കുന്ന മരുന്ന് ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-42 വിനിയോഗ രേഖകൾ ഹാജരാക്കിയില്ല

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണോദ്യോഗസ്ഥയായ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ ചെലവിനെ സാധൂകരിക്കുന്ന രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | ബിൽ നമ്പർ/തീയതി | റിമാർക്സ് |
|---|---|---|---|---|
| 1. | 24, എസ്സ് എസ്സ് കെ – വിഹിതം നൽകൽ | 300000(വികസന ഫണ്ട് ) | 101, 18/10/2022 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. |
| 2. | 25, ഗോത്രസാരഥി പദ്ധതി | 68800(വികസന ഫണ്ട് - എസ്സ് സി പി) | 34600,<br>413, 24/03/2023<br>34200,<br>263, 01/02/2023 | തനതുഫണ്ടിൽ നിന്നും ചെലവഴിച്ച തുകകളുടെ ചെലവു രേഖകൾ ഹാജരാക്കിയിട്ടുണ്ട്. |
| 3. | 77, ലാപ്പ് ടോപ്പ് വാങ്ങൽ | 219264(വികസന ഫണ്ട് -എസ്സ് സി പി) | 219160,<br>229, 11/01/2023<br>104,<br>265, 01/02/2023 | ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (39/20.11.2023) ,രേഖകൾ താമസംവിനാ ഹാജരാക്കുന്നതാണെന്ന് വാക്കാൽ മറുപടി നൽകി. ചെലവു രേഖകളുടെ അഭാവത്തിൽ വിനിയോഗരേഖകൾ ഹാജരാക്കാത്ത 588064 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-43 വനിതാ ഘടക പദ്ധതി – പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

സ്ത്രീകൾ നേരിടുന്ന വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ആസൂത്രിതമായ ഇടപെടുകൾ നടത്തുകയും സ്ത്രീകളുടെ നിർണ്ണായക ലിംഗപദവി ആവശ്യങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനാവശ്യമായ പ്രോജക്ടുകൾ നടപ്പിലാക്കുകയുമാണ് വനിതാ ഘടക പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാ ഘടക പദ്ധതിയിൽ ആവിഷ്കരിക്കേണ്ടതെന്ന്

പതിനാലാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ഖണ്ഡിക 6.3 ൽ നിഷ്കർഷിച്ചിട്ടുണ്ട്. അതോടൊപ്പം വനിതാ ഘടക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ പാടില്ലാത്ത പ്രോജക്ടുകളെപ്പറ്റിയും പരാമർശിച്ചിട്ടുണ്ട്.

വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്താവുന്നതല്ലെന്നും പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹ ധനസഹായം വനിതാ ഘടക പദ്ധതിയുടെ ഭാഗമാക്കാവുന്നതല്ലെന്നും മാർഗ്ഗരേഖ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പോത്തുകുട്ടി വിതരണം , വനിതകൾക്ക് കോഴി വിതരണം, ഫലവൃക്ഷത്തൈ വിതരണം, തേനീച്ച വളർത്തൽ, പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹ ധനസഹായം എന്നീ പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിയിട്ടുള്ളത്.

മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ വ്യക്തമായി പാലിച്ച് മാത്രം പ്രോജക്ടുകൾ ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണ സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-44 ധാതുലവണ മിശ്രിതം - വിതരണ രേഖകൾ പൂർണ്ണമല്ല

| | |
|---|---|
| പ്രോ.നം, പ്രോജക്ടിന്റെ പേര് | 127, ക്ഷീരകർഷകർക്ക് ധാതുലവണ മിശ്രിതം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| ചെലവഴിച്ച തുക, ഫണ്ടിനം | 63585, വികസന ഫണ്ട് (ജനറൽ) |
| ബിൽ നമ്പർ/തീയതി | 23490,470/29/03/2023<br>40095,480/29/03/2023 |

ക്ഷീര കർഷകർക്ക് ധാതുലവണ മിശ്രിതം എന്ന പ്രോജക്ടിന്റെ ഭാഗമായി കേരള ഫീഡ്സിൽനിന്നും കിലോഗ്രാമിന് 135 രൂപ നിരക്കിൽ 471 കിലോ കേരമിൻ ധാതുലവണ മിശ്രിതം വാങ്ങിയിട്ടുണ്ട്. ഹാജരാക്കിയ രേഖകൾ പ്രകാരം 120 ഗുണഭോക്താക്കൾക്ക് 3 കിലോഗ്രാം വീതം ആകെ 360 കിലോ മിശ്രിതം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. വിതരണം ചെയ്യാത്ത മിനറൽ മിക്സ്ചറിന്റെ കാലാവധി എത്ര മാസമാണെന്ന് വ്യക്തമല്ല. മിശ്രിതം വാങ്ങിയിട്ടുള്ളത് 14.02.2023, 24.02.2023 തീയതികളിലാണ്. വാങ്ങിയ മിശ്രിതം വിതരണം ചെയ്യാത്തിനാൽ ആവശ്യാധിഷ്ഠിതമായല്ല പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

പ്രോജക്ടിന്റെ മോണിട്ടറിംഗ് നടത്തിയിട്ടില്ല. പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. വിതരണ വിവരം ലഭ്യമാക്കാത്ത മിശ്രിതത്തിന്റെ വില 14985 രൂപ (111X135) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-45 ഭൗതിക സൗകര്യങ്ങളിലെ കുറവ്- ബഡ്സ് സ്കൂളിന് സ്ഥിര അഗീകാരം ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂൾ 27/08/2020-ൽ ആരംഭിച്ചതാണ്. 78 കുട്ടികളാണ് സ്ഥാപനത്തിൽ പ്രവേശനം നേടിയിരിക്കുന്നത്. കുടുംബശ്രീ മിഷന്റെ താത്കാലിക അംഗീകാരത്തിൻ കീഴിലാണ് സ്ഥാപനം പ്രവർത്തനം ആരംഭിച്ചത്.. രണ്ടു വർഷം പൂർത്തിയാകുന്ന മുറയ്ക്ക് താത്കാലിക അംഗീകാരം റദ്ദാകുമെന്നും സ്ഥിര അംഗീകാരത്തിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വീകരിക്കണമെന്നും സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്(ജി.ഒ(എം.എസ്)20/2018/ത.സ്വ.ഭ.വ തീ.07/02/2018). താത്കാലിക അംഗീകാര കാലാവധി കഴിഞ്ഞ സ്ഥാപനത്തിന് സ്ഥിര അംഗീകാരം ലഭിച്ചിട്ടില്ല. സാമൂഹ്യ നീതി വകുപ്പിന്റെ മാർഗ്ഗരേഖ പ്രകാരമുള്ള ഭൗതീക സൗകര്യങ്ങൾ സ്ഥാപനത്തിനില്ലാത്തതിനാലാണ് സ്ഥിരം അംഗീകാരം ലഭിക്കാത്തത്. ത്രിതല പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ബഡ്സ് സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട്. ബഡ്സ് സ്കൂളിന് നിലവിൽ വാഹന സൗകര്യം ഇല്ല. ബഹു. റാന്നി എം.എൽ.എ.യുടെ പ്രവർത്തന ഫണ്ടിൽ നിന്നും വാഹനം വാങ്ങുന്നതിനുള്ള തുക അനുവദിച്ചിട്ടുണ്ടെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം.28)മറുപടിയായി അറിയിച്ചിട്ടുണ്ട്.

റാന്നി ബ്ലോക്കിലെ ഏക ബഡ്സ് സ്കൂളാണ് നാറാണംമൂഴിയിലേത്. ഭിന്ന ശേഷിക്കാരായ കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് നിരവധി പ്രവർത്തനങ്ങൾ സ്ഥാപനത്തിൽ നടക്കുന്നുണ്ട്. ആരോഗ്യ കേരളം പദ്ധതി പ്രകാരം എല്ലാ ബുധനാഴ്ചയും സ്പീച്ച്/ഫിസിക്കൽ എജ്യുക്കേഷൻ/സ്പെഷ്യൽ എജ്യുക്കേഷൻ തെറാപ്പികൾ നൽകിവരുന്നു. ബഡ്സ് സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി സ്ഥിരം അംഗീകാരം നേടിയെടുക്കാനുള്ള നടപടികൾ ഊർജ്ജിതമാക്കേണ്ടതാണ്. ബഡ്സ് സ്കൂളിൽ മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച് ധർമ്മ സ്ഥാപന സംഘ നിയമ പ്രകാരം രജിസ്റ്റർ ചെയ്യാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-46 അഗതി രഹിത കേരളം പദ്ധതി ഭക്ഷ്യകിറ്റ് വിതരണത്തിൽ ഒതുങ്ങി

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വന്ന അഗതിരഹിത കേരളം പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിലെ 31.03.23-ലെ നീക്കിയിരിപ്പ് 2507408 രൂപയാണ്. 2019-20 മുതൽ ജനറൽ, റ്റി.എസ്.പി വിഭാഗങ്ങൾക്കായി കൈമാറിയ വികസന ഫണ്ടാണ് ഇപ്രകാരം ചെലവഴിക്കാതെ ശേഷിക്കുന്നത്. ചെലവഴിക്കാതെ ശേഷിക്കുന്ന ഫണ്ടിന്റെ ഇനം തിരിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | നീക്കിയിരിപ്പ് |
|---|---|
| വികസന ഫണ്ട്-ജനറൽ | 1965193 |
| വികസന ഫണ്ട്-റ്റി.എസ്.പി | 466453 |
| പലിശ | 75762 |
| ആകെ | 2507408 |

ചലഞ്ച് ഫണ്ട് പൂർണ്ണമായും തീർന്നിരിക്കുകയാണ്. 2022-23 വർഷം വികസന ഫണ്ട്(ജനറൽ)-ൽ നിന്നും 496951 രൂപയും വികസന ഫണ്ട്(റ്റി.എസ്.പി)-ൽ നിന്ന് 10466 രൂപയും അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത പലിശയിൽ നിന്നും 82861 രൂപയും ചലഞ്ച് ഫണ്ടിന് പുറമേ ഭക്ഷ്യകിറ്റ് വിതരണത്തിനായി ചെലവഴിച്ചിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും മറ്റ് ചെലവുകളില്ല. 2019-22 കാലയളവിലേയ്ക്ക് ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം ആകെയുള്ള222 ഗുണഭോക്താക്കളിൽ 163 പേർ ജനറൽ വിഭാഗത്തിലും 58 പേർ എസ്.റ്റി. വിഭാഗത്തിലും ഉൾപ്പെടുന്നവരാണ്. പ്രോജക്ട് പ്രകാരം വിവിധ സേവനങ്ങൾക്ക് അർഹരായ ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സേവനം | ഗുണഭോക്താക്കൾ | |
|---|---|---|
| | GL/SC | TSP |
| ഭക്ഷണം | 163 | 58 |
| ചികിത്സ | 152 | 58 |
| വിദ്യാഭ്യാസം | 26 | 6 |
| വീട് | 24 | 5 |
| വീട് പുനരുദ്ധാരണം | 29 | 5 |
| കുടിവെള്ളം | 58 | 34 |
| വൈദ്യുതി | 8 | 6 |
| ടോയ്‌ലറ്റ് | 26 | 6 |
| സ്വയം തൊഴിൽ | | 1 |

പദ്ധതി പ്രകാരം നിലവിൽ ഭക്ഷണകിറ്റ് വിതരണം മാത്രമാണ് നടക്കുന്നത്. അഗതികളായ ആളുകൾക്ക് വേണ്ടി നിരവധി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് അഗതി രഹിത കേരളം പദ്ധതി മാർഗ്ഗരേഖ (സ.ഉ.(എം.എസ്.നം. 252/2017/ത.സ്വ.ഭ.വ. തീയതി:12.12.2017) പുറപ്പെടുവിച്ചിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുക, റേഷൻ കടകളിൽനിന്ന് ലഭിക്കാത്ത സാധനങ്ങൾ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകുക, പോഷകാഹാര കിറ്റ് പ്രതിമാസം ലഭ്യമാക്കുക, പോഷകാഹാര കുറവുള്ള അഗതി ഉപഭോക്താക്കൾക്ക് താലൂക്ക് ആശുപത്രി മെഡിക്കൽ ഓഫീസറുടെ സഹായത്തോടെ പോഷകനില തിട്ടപ്പെടുത്തുക, ഭക്ഷണം പാകം ചെയ്യാൻ ശേഷിയില്ലാത്ത കുടുംബങ്ങൾക്ക് പാചകം ചെയ്ത ഭക്ഷണം എത്തിക്കുക തുടങ്ങിയതടക്കമുള്ള നിരവധി ഭക്ഷണ വിതരണ പദ്ധതികൾ, ആരോഗ്യ സേവനങ്ങൾ കിട്ടുന്നതിന് നോഡൽ ഓഫീസറെ നിയമിക്കുക, സ്ഥിരമായി മരുന്നു വിതരണം ചെയ്യുക, മെഡിക്കൽ ക്യാമ്പ് ഇൻഷുറൻസ് എന്നിവ അടക്കമുള്ള നിരവധി ആരോഗ്യ പദ്ധതികൾ, വസ്ത്രം, പെൻഷൻ, കുട്ടികളുടെ വിദ്യാഭ്യാസം, കിടപ്പാടം, ഭൂമി, കുടിവെള്ളം ശുചിത്വ സംവിധാനം തൊഴിൽ പരിശീലനം എന്നിവയെല്ലാം അഗതി കേരളം പദ്ധതിക്ക് വേണ്ടി നടപ്പാക്കേണ്ടതാണ്. പ്രോജക്ട് കാലയളവിൽ ഭക്ഷ്യ കിറ്റ് വിതരണത്തിന് പുറമേ റ്റി.എസ്.പി. വിഭാഗത്തിനായി മറ്റ് ആനുകൂല്യങ്ങൾ ഒന്നും നൽകിയിട്ടില്ല. ജനറൽ വിഭാഗത്തിൽപ്പെട്ടവർക്കായി ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപയും ഭവന പുനരുദ്ധാരണത്തിനായി 325000

രൂപയും മാത്രം പ്രോജക്ട് കാലയളവിൽ ചെലവഴിച്ചിട്ടുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ അഗതി രഹിത കേരളം (ജനറൽ) പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും 3ലക്ഷം രൂപ 28/11/22-ലും റ്റി.എസ്.പി പ്രോജക്ട് പ്രകാരമുള്ള 58599 രൂപ 31.03.2023-ലും ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകിയിരുന്നു. എന്നാൽ വികസന ഫണ്ട്(റ്റി.എസ്.പി.)-ൽ നിന്നും നൽകിയ തുക 'Source Not Identified' എന്ന് ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രോജക്ട് പ്രകാരം വകയിരുത്തുന്ന വികസന ഫണ്ട് ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു നൽകുന്നതല്ലാതെ അഗതികുടുംബങ്ങളുടെ അതിജീവനാവശ്യങ്ങൾ നിറവേറ്റുന്നതിന് യാതൊരു നടപടികളും സ്വീകരിക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിരാശ്രയരായ കുടുംബങ്ങളെ കണ്ടെത്തുകയും പുനരധിവസിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ സർക്കാർ ആരംഭിച്ച പദ്ധതി ആസൂത്രണം ചെയ്ത് യഥാവിധി നടപ്പിലാക്കുന്നതിൽ യാതൊരു ശ്രദ്ധയും ഉണ്ടായിട്ടില്ല എന്നത് ഖേദകരമാണ്. നിലവിൽ ലഭ്യമായ ഫണ്ട് വിനിയോഗിച്ച് ആശ്രയ കുടുംബങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണ്. പദ്ധതി നിർവ്വഹണത്തിലെ അനിശ്ചിതാവസ്ഥ ഒഴിവാക്കുന്നതിനും തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനും കുടുംബശ്രീ ജില്ലാ മിഷനുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-47 മരാമത്ത് പ്രവൃത്തികൾ- ബില്ലിൽ നിന്നുള്ള റിക്കവറി തുകകൾ ബാങ്ക് അക്കൗണ്ടിൽ ശേഷിക്കുന്നു

തനത് ഫണ്ട്/ശുചിത്വ മിഷൻ ഫണ്ട് വകയിരുത്തി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ റിക്കവറി തുക ഉൾപ്പടെയുള്ള ബിൽ തുക അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു നൽകുകയാണ് ചെയ്തു വരുന്നത്. ഈ പ്രവൃത്തികളുടെ കരാറുകാർക്ക് നൽകേണ്ട തുക അക്കൗണ്ടിൽ നിന്നും ചെക്കായി നൽകുന്നുണ്ടെങ്കിലും ഇൻകം ടാക്സ്, ജി.എസ്.റ്റി, നിർമ്മാണ തൊഴിലാളി വിഹിതം എന്നീ ഇനങ്ങളിൽ ഒടുക്കേണ്ട തുകകൾ ബാങ്ക് അക്കൗണ്ടിൽ തന്നെ ശേഷിക്കുകയാണ്. അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സെൻട്രൽ ബാങ്കിലുള്ള അക്കൗണ്ടിലെ 20/11/2013-ലെ നീക്കിയിരിപ്പ് 40808രൂപയാണ്( അക്കൗണ്ട് നം.2081902318). അസിസ്റ്റന്റ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിൽ ഇപ്രകാരം തുക ശേഷിക്കാനിടയായ സാഹചര്യം പരിശോധിക്കേണ്ടതും അടിയന്തിര തുടർനടപടികൾ സ്വീകരിച്ച് വിശദാംശം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-48 ഫയലുകൾ പരിശോധനയ്ക്ക് ലഭിച്ചില്ല; ചെലവ് തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് വർഷം പ്രവൃത്തി നടത്തി ബിൽ തുക നൽകിയിട്ടുള്ള ചുവടെ ചേർക്കുന്ന രണ്ട് മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽ നം. തീയതി |
|---|---|---|---|---|---|
| 1 | 112 | കൊട്ടാടിക്കുന്നേൽ ആറാട്ടുമൺ ആഞ്ഞിലിമൂട്ടിൽപ്പടി റോഡ് കലുങ്ക് നിർമ്മാണം | 400000 | 382991 | 220511000000008573 31/03/2023 |
| 2 | 157 | കടുമീൻചിറ പ്രീമെട്രിക് ഹോസ്റ്റലിന് മാലിന്യ സംസ്കരണ സംവിധാനം | 75000 | 69778 | 452/ 28-03-2023 |
| | | ആകെ | | 452769 | |

ഫയലുകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (ഓഡിറ്റ് റിക്വിസിഷൻ തീ. 17/11/23) അസി.എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ ഓഫീസ് നവീകരിക്കുന്നതിന്റെ ഭാഗമായി ഫയലുകൾക്ക് സ്ഥാനചലനം സംഭവിച്ചതിനാൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും, ഫയലുകൾ താമസം കൂടാതെ കണ്ടെത്തി പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു.

കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ, കണക്കുകളോ നൽകാൻ വീഴ്ചവരുത്തിയാൽ അത്തരം രേഖയോ, കണക്കോ നിലവിലില്ലാ എന്ന് കരുതപ്പെടുന്നതും, അതനുസരിച്ചുള്ള നഗമനത്തിൽ എത്താവുന്നതുമാണ്. ടി പ്രവൃത്തികളുടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവ് (₹452769) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഓഡിറ്റ് ചട്ട പ്രകാരം ചെലവ് നിരാകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി നിർണ്ണയിക്കുന്നതും, സർചാർജ്ജ് നടപടികൾക്ക് വിധേയമാക്കുന്നതുമാണ്.

## ഭാഗം –2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റീകോൺക്രീറ്റിംഗിന് അധിക നിരക്ക് അനുവദിച്ച ഇനത്തിൽ 36706 രൂപയുടെ നഷ്ടം

ഓഡിറ്റ് വർഷം നടപ്പിലാക്കിയ റോഡ് റീകോൺക്രീറ്റിംഗ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ റീകോൺക്രീറ്റിംഗിന് ഫോംവർക്ക് ഉൾപ്പെടുന്ന ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് കാരണം ഒഴിവാക്കാമായിരുന്ന അധിക ചെലവ് ഉണ്ടായിട്ടുള്ളതായി കണ്ടു. നിലവിലുള്ള കോൺക്രീറ്റ് റോഡുകൾ പോട്ട്ഹോൾ ഫില്ലിംഗ് നടത്തി 5 സെ.മീറ്റർ മുതൽ 7.5 സെ.മീറ്റർ കനത്തിൽ റീകോൺക്രീറ്റിംഗ് നടത്തുന്നതിന് DSR കോഡ് 75.8.1.1.A പ്രകാരമുള്ള ഫോംവർക്ക് ഉൾപ്പെടാത്ത സ്പെസിഫിക്കഷനാണ് ആവലംബിക്കേണ്ടത്. എന്നാൽ ഇവിടെ 75.8.1.1 പ്രകാരമുള്ള സ്പെസിഫിക്കേഷൻ പ്രകാരമാണ് റീകോൺക്രീറ്റിംഗ് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. ഇതിന് അനുവദിച്ച നിരക്കിൽ ഫോംവർക്കിനുള്ള 4% തുക കൂടി ഉൾപ്പെടുന്നു. ഇപ്രകാരം തെറ്റായ സ്പെസിഫിക്കേഷൻ അവലംബിച്ചതുമൂലം സർക്കാർ ഫണ്ടിന് 36706 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ൽ (ഖ.1-28) ഉൾപ്പെടുത്തിയിട്ടുണ്ട്.

### 3-2 എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകം; 13816 രൂപയുടെ ഒഴിവാക്കാമായിരുന്ന അധിക ചെലവ്

2022-23-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി റോഡ് മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി നടപ്പിലാക്കിയ തോണിക്കടവ് പതാക്ക് റോഡ് കോൺക്രീറ്റിംഗ് (പ്രോ.നം.106/23), ആഞ്ഞിലിമൂക്ക് കൊച്ചുകുളം റോഡ് കോൺക്രീറ്റ് (പ്രോ.നം. 103/23) എന്നീ പ്രവൃത്തികൾക്ക് തെറ്റായ സ്പെസിഫിക്കേഷൻ അവലംബിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയ ഇനത്തിൽ 13816 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. **ഒഴിവാക്കാമായിരുന്ന പ്രസ്തുത** അധിക ചെലവ് ഓഡിറ്റിൽ നിരാകരിച്ച് അസിസ്റ്റന്റ് എഞ്ചിനീയറുടെ വ്യക്തിപരമായ ബാധ്യതയായി ചുമത്തി. വിശദാംശങ്ങൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ൽ (ഖ.1-29) ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്ടിന്റെ പേര്/ നമ്പർ | ലഭിച്ച തുക | ചെലവ് തുക | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | അങ്കണവാടി പോഷകാഹാരം<br>27/23 | 200000 | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ<br>28/23 | 300000 | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി<br>73/23 | 39739 | 39739 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | ജൈവ വള വിതരണം<br>87/23 | 268000 | 268000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | ഇടവിളകൃഷി വികസനം | 245000 | 245000 | 0 |

| | | | | |
|---|---|---|---|---|
| | 83/23 | | | |
| ബ്ലോക്ക് പഞ്ചായത്ത് | ലൈഫ്ഭവന പദ്ധതി-TSP<br>72/23 | 3000000 | 3000000 | 0 |
| ജില്ലാ പഞ്ചായത്ത് | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി<br>73/23 | 399514 | 399514 | 0 |
| ജില്ലാ പഞ്ചായത്ത് | ഇടവിളകൃഷി വികസനം<br>83/23 | 2000000 | 2000000 | 0 |
| ജില്ലാ പഞ്ചായത്ത് | ലൈഫ് ഭവന പദ്ധതി-SCP<br>30/23 | 680000 | 860000 | 0 |
| ജില്ലാ പഞ്ചായത്ത് | ലൈഫ്ഭവന പദ്ധതി-TSP<br>72/23 | 1915000 | 1915000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | ചെക്ക്നം/തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 164/2022-23,<br>വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, വൈദ്യുതി ലൈൻ വലിയ്ക്കൽ | | 20974 | 0 | 20974 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷ വായ്പ | ആകെ | തൻവർഷം തിരിച്ചടച്ച മുതൽ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി. (KURDFC, HUDCO) | G.O(Ms) No.100/2018/LSGD | 7202541 | 17060001 | 2,42,62,542 | 3813806 | 2,0448736 |

## 4- 5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി. |
|---|---|---|---|---|---|
| 1999-00 | 19 | 2003-04 | - | വൗച്ചർ, ഫയൽ എന്നിവ ഹാജരാക്കിയില്ല. | നിലനിൽക്കുന്നു. |
| 2001-02 | 2-9 | 2006-07 | 3.18.1.14 | ബി ഫണ്ട് ചെലവുകൾ/ഫയലുകൾ /രേഖകൾ ഹാജരാക്കിയില്ല. | നിലനിൽക്കുന്നു |
| പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് | – | 2015-16 | 3-6.2 | SC/ST കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ പര്യാപ്തമല്ല | നിലനിൽക്കുന്നു |
| 2015-16 | 2-3 | 2016-17 | - | തൊഴിൽനികുതി -അപാകതകൾ | നിലനിൽക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) (റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ളത്) | 59691554 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്<br>(റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ളത്) | 43425527 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | 50522 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2248818 |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-28 | | 36706 | ശ്രീ വിനോദ് വി.സി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-29 | | 13816 | ശ്രീ വിനോദ് വി.സി., അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 50522 | |

**തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 851180 | ശ്രീ വിനോദ് വി.സി., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-34 | 141820 | ശ്രീ മുത്തുസ്വാമി എം.റ്റി., കൃഷി ഓഫീസർ |
| 1-35 | 200000 | ശ്രീ മുത്തുസ്വാമി എം.റ്റി., കൃഷി ഓഫീസർ |
| 1-42 | 588064 | ശ്രീമതി അനില മിറാഡ്, ഹെഡ് മിസ്ട്രസ്സ് |

| | | |
|---|---|---|
| 1-44 | 14985 | ഡോ. റമ്സിമോൾ സലിം, വെറ്റനറി സർജൻ |
| 1-48 | 452769 | ശ്രീ വിനോദ് വി.സി., അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 2248818 | |

**സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ വി.സി. വിനോദ്<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>നാറാണംമൂഴി ഗ്രാമപഞ്ചായത്ത് | വിനോദ് ഭവൻ,<br>അമ്മകണ്ടകര,<br>അടൂർ, പത്തനംതിട്ട |
| ശ്രീ മുത്തുസ്വാമി എം.റ്റി.<br>കൃഷി ഓഫീസർ | അഗ്രികൾച്ചർ ഓഫീസർ<br>റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് | മാന്നിക്കൽ വീട്,<br>മണ്ണടിശാല പി.ഒ.<br>പത്തനംതിട്ട – 686511 |
| ശ്രീമതി അനില മിറാഡ്<br>ഹെഡ്മിസ്ട്രസ് | എച്ച്.എം., ജി.എൽ.പി.എസ്. നാറാണംമൂഴി | വാഴത്ത്,<br>ആനക്കല്ല് പി.ഒ.<br>കാഞ്ഞിരപ്പള്ളി |
| ഡോ. റമ്സിമോൾ സലീം,<br>വെറ്ററിനറി സർജൻ | വെറ്റനറി ഡിസ്പൻസറി,<br>നാറാണംമൂഴി | താഴത്ത് വൈപ്പിൽ<br>എരുമേലി പി.ഒ.<br>പിൻ - 686509 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം. |
|---|---|---|
| 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ.പി.4/147/06, തീ. 30.6.06 | 2 (2-7, 2-9) |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി.4/208/07, തീ. 14-03-2007 | 1 (2-3) |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി.5/774/08, തീ. 06-10-2009 | 1 (3-5) |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി.8/1103/18, തീ. 5-01-2012 | 1 (3-4) |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.8/1104/11, തീ. 05-01-2012 | 9 (2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-8) |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി.8/1105/11, തീ. 02-01-2012 | 2 (3-3, 3-4) |
| 2008-09 | എൽ.എഫ്.പി.റ്റി.എ.പി.8/1106/11, തീ. 02-01-2012 | 3 (3-3, 3-5, 3-9) |
| 2009-10 To 2011-12 | എൽ.എഫ്.പി.റ്റി.എ.പി.6/966/13, തീ.12-02-14/18-03-14 | 1 (3-4) |
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി.6/158/15, തീ. 13-03-15 | 7 (3-6, 3-7, 3-8, 3-9, 3-10, 3-11, 3-12) |
| 2013-14 To 2014-15 | കെ.എസ്.എ.പി.റ്റി.എ.പി.6/3/2016, തീ. 16-01-2016 | 14 (2-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-18, 3-19, 3-20, 3-21) |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി6/1280 /2016, തീ. 05-12-2016 | 4 (2-3, 3-3, 3-5, 3-9) |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി.6/1180 /2017, തീ. 28-10-2017 | 19 (1-3, 2-2, 2-4, 2-6, 3-3, 3-4, 3-6, 3-11, 3-12, 3-18, 3-21, 3-22, 3-24, 3-25, 3-27, 3-31, 3-32, 3-35, 4-3) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി.6/131 /2019, തീ. 12-03-2019 | 12 (2-3, 2-6, 2-7, 2-8, 2-10, 3-5, 3-6, 3-9(2), 3-9(3), 3-10, 311, 3-19) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി.6/716 /2019, തീ. 13-08-2019/23-09-2019 | 23 (1-1-11, 1-2, 2-5, 2-7, 2-8, 2-10, 3-1, 3-2, 3-3, 3-5, 3-6, 3-8, 3-11, 3-12, 3-14, 3-15, 3-16, 3-17, 3-19, 3-22, 4-1, 4-2, 4-9) |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി.6/249/22, തീ. 18-03-22 | 13 (1-4, 1-11, 1-12, 1-13, 1-14, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 4-1,) |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി.6/250 /2022, തീ. 15-03-2022. | 12 (1-4, 1-11, 1-12, 1-13, 1-14, 1-15, 1-18, 1-21, 1-22, 1-24, 4-1, 4-2) |
| 2021-22 | കെ.എസ്.എ.പി.റ്റി.എ.പി.6/1374/22, തീ. 07/01/2023 | 11 (1-12, 1-13, 1-15, 1-16, 1-18, 1-19, 1-21, 1-22, 1-23, 4-2, 4-7) |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 13/7/23 - 1 dated 13-07-2023 and submitted on 30-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the NARANAMMOOZHY Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of NARANAMMOOZHY Grama Panchayat for the year 2022-2023

**Date: 15/12/2023**

**Deputy Director**
**District Office Pathanamthitta**
**Kerala State Audit Department**

# Audit Report appended to the Audit Certificate of NARANAMMOOZHY Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Valuation of land assets as per balance sheet is not complete. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

**2.Other Observations**

1. The mandatory financial statements such as notes on account and ratios prescribed in accounting rules are not submitted for audit

2. Cash flow statement:- Net decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.

3. Lapses in making timely and accurate demand entries in respect of tax and non tax revenue.

4. Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items.

**5.** Specific grants -accounting is not correct

6.Capital contribution- accounting is not accurate.

7.The annual summary under property tax in sanchaya software does not match with the corresponding figures in annual financial statement.

8 Loan amount recorded in Schedule B-5 is not accutate

9.Huge amount given to implementing agencies in advance are not yet adjusted.

10. Onam advance amount to be adjusted is not correct

11. The accuracy of the amounts in the prior period heads is not ascertained

12. The balance amount in the liability account of finance commission grant is not reconciled with respective bank account.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ നാറാണംമൂഴി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്